## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 271 — 17/09/2007 – ൽ മറുപടിക്ക്

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ്കുമാർ
ശ്രീ. എം.കെ.പ്രേംനാഥ്
ശ്രീ. ജോസ് തെറ്റയിൽ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ, വ്യവസായ- വാണിജ്യ സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത് ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ, വ്യവസായ-വാണിജ്യ സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിനുള്ള പരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>I. **പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>1. **സ്വയംതൊഴിൽ പദ്ധതികൾ**<br><br>പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതിപ്രകാരം കാർഷിക വ്യവസായ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരു വ്യക്തിയ്ക്ക് 3 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതിയ്ക്ക് 1 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപവരെ മുതൽമുടക്കുള്ള സംരഭത്തിന് 3.5 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും നൽകുന്നു. ടി പദ്ധതിയ്ക്ക് നടപ്പുവർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2. **ഷോപ്പിംഗ് കോംപ്ലക്സ്**<br><br>വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ പട്ടികജാതിക്കാർക്ക് കച്ചവടത്തിലും വ്യവസായത്തിലും അഭിരുചി വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് നേരിട്ട് ഒരു ഷോപ്പിംഗ് കോംപ്ലക്സ് വിലയ്ക്കെടുത്ത് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ 28 മുറികളുള്ള കെട്ടിടം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. |

3. പ്രത്യേക ഘടകപദ്ധതിയ്ക്കായുള്ള പ്രത്യേക കേന്ദ്രസഹായം.

ഈ പദ്ധതിപ്രകാരം പട്ടികജാതിക്കാരുടെ പുരോഗതിയ്ക്ക് ഊന്നൽ നൽകുന്ന വരുമാന വർദ്ധന പരിപാടികൾ, തൊഴിൽ ദായക പരിപാടികൾ, പരിശീലന പരിപാടികൾ, ക്രിട്ടിക്കൽ ഗ്യാപ് നികത്തുന്നതിനുള്ള നിക്ഷേപങ്ങൾ മുതലായവ നടപ്പിലാക്കുവാൻ നടപ്പുവർഷത്തിൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. വനിതാ സംരംഭങ്ങൾ

പട്ടികജാതിയിൽപ്പെട്ട വനിതകളുടെ സാമ്പത്തിക ഉന്നമനവും വനിതാ ശാക്തീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 20 കുടുംബങ്ങളെങ്കിലും ഉള്ള പട്ടികജാതി കോളനികളിലെ ദരിദ്രരായ സ്ത്രീകളെ ഉൾപ്പെടുത്തി സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക ഉന്നമനത്തിനുതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നു. 1.25 ലക്ഷം രൂപയോ അല്ലെങ്കിൽ ഗ്രൂപ്പിലെ ഓരോ വ്യക്തിയ്ക്കും 10,000/- രൂപ നിരക്കിലോ, ഇതിലേതാണോ കുറവ് എന്ന് കണക്കാക്കി സർക്കാർ സബ്സിഡി നൽകും. പ്രസ്തുത ഗ്രൂപ്പിൽ കുറഞ്ഞത് 10 ഉം കൂടിയത് 20 ഉം എന്ന കണക്കിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒരേ കുടുംബത്തിലെ ഒരാൾക്ക് മാത്രം അംഗത്വം നൽകി സംഘം രൂപീകരിക്കുന്നു. ഇതിനായി നടപ്പുവർഷത്തിൽ 100 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ക്ലസ്റ്റർ വികസനം പരിപോഷിപ്പിക്കുന്നതിനായി സഹകരണ
സംഘങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം

പട്ടികജാതി സഹകരണ സംഘങ്ങൾക്ക് തൊഴിലിനും വരുമാന വർദ്ധനയ്ക്കും ഉതകുന്ന സംരംഭങ്ങൾ പരമ്പരാഗത മേഖലയിൽ നടപ്പാക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി 2007-08 വർഷത്തിൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

6. കർഷക തൊഴിലാളികൾക്ക് ഭൂമി അനുവദിക്കൽ

സ്വന്തമായി ഭൂമി ഇല്ലാത്തവരോ അല്ലെങ്കിൽ കുറച്ചുഭൂമി മാത്രം സ്വന്തമായുള്ളവരോ ആയ പട്ടികജാതിയിൽപ്പെട്ട കർഷക തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. ഇതുപ്രകാരം ഇതിന്റെ ഗുണഭോ

ക്താക്കൾ കൃഷിയ്ക്ക് ഉപയുക്തമായ 25 സെന്റ് കൃഷിഭൂമിയോ 50 സെന്റ് നിലമോ സ്വന്തം പേരിൽ വാങ്ങുമ്പോൾ അതിന്റെ വിലയുടെ 50% അല്ലെങ്കിൽ 50,000/- രൂപ ഇതിലേതാണോ കുറവ് എന്നു കണക്കാക്കി സർക്കാർ ഗ്രാന്റായി നൽകും. നടപ്പുവർഷത്തിൽ ഇതിനായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

7. സഹകരണ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായം

ഈ പദ്ധതിപ്രകാരം കൃഷി, വ്യവസായം, ഖാദി, കയർ, പട്ടുനൂൽ കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നടപ്പുവർഷത്തിൽ 25 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. വ്യവസായ പരിശീലന കേന്ദ്രങ്ങൾ

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഐ.റ്റി.സികളിൽ 11 വിവിധ ട്രേഡുകളിലായി ഓരോ വർഷവും 1031 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

ഐ.റ്റി.ഐ/ഐ.റ്റി.സി, എൻജിനീയറിംഗ് ഡിപ്ലോമ, എൻജിനീയറിംഗ് ഡിഗ്രി എന്നീ വിദ്യാഭ്യാസയോഗ്യതയുള്ള പട്ടികവിഭാഗക്കാർക്ക് ഒരു വർഷത്തേക്ക് പ്രതിമായം 1000/- രൂപ, 1600/-രൂപ, 1800/- രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപന്റ് നൽകിവരുന്നു.

9. സെന്റർ ഓഫ് എക്സലൻസ്

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും വൈദഗ്ധ്യം ആവശ്യമായ തൊഴിൽ നേടുന്നതിനും ആവശ്യമായ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ പരിശീലനം നൽകുന്ന ഒരു **മികവിന്റെ കേന്ദ്രം** ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സഹായത്തോടെ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

10. 1183 അഭ്യസ്ഥവിദ്യരായ പട്ടികജാതി തൊഴിൽരഹിതരെ എസ്സ്.സി പ്രൊമോട്ടർമാരായി നിയമിച്ചുവരുന്നു. ഇവർക്ക് പ്രതിമാസം 2000 രൂപ ഹോണറേറിയമായി നൽകിവരുന്നു.

II. <u>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ</u>

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിലും വാണിജ്യ സംരംഭങ്ങളും തുടങ്ങുന്നതിനുള്ള പദ്ധതികൾ പ്രധാനമായും 100% കേന്ദ്ര സഹായമുള്ള **"പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായ"** പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നു. നിലവിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം പ്രധാനമായും കൃഷി അടിസ്ഥാനമായുള്ളതും സ്ഥിര വരുമാനം ലഭിക്കുന്നതുമായ സ്വയം തൊഴിൽ പരിപാടികൾ ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത് നടപ്പാക്കുന്നു. കൂടാതെ, സംസ്ഥാന കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സ്ഥിരം വരുമാനം ലഭിക്കുന്ന തൊഴിൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. കൂടാതെ വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ 1000 പേരെ ട്രൈബൽ പ്രൊമോട്ടർമാരായും 75 പേരെ അപ്രന്റീസ് ക്ലാർക്കുമാരായും വകുപ്പ് നേരിട്ട് താൽക്കാലികമായി നിയമിക്കുന്നുണ്ട്. കൂടാതെ, വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വാർഡന്മാരുടെ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുന്നു.

III. <u>**കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ**</u>

1. ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി
2. വിദേശ തൊഴിൽ വായ്പാ പദ്ധതി
3. വനിതകൾക്കുള്ള പെട്രോൾ ഓട്ടോറിക്ഷ വായ്പാ പദ്ധതി
4. പാരമ്പര്യ വംശീയ വൈദ്യന്മാർക്കുള്ള ചികിത്സാ സഹായ പദ്ധതി
5. കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി
6. മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി
7. മഹിളാ സമൃദ്ധി യോജന
8. മിനിവെഞ്ചർ പദ്ധതികൾ
9. വാഹന വായ്പാ പദ്ധതി(പെട്രോൾ ഓട്ടോറിക്ഷ)
10. വാഹന വായ്പാ പദ്ധതി(3 വീലർ ഓട്ടോ പിക് അപ് വാൻ)
11. സ്മോൾ എന്റർപ്രൈസസ് പദ്ധതികൾ
12. ആദിവാസി മഹിളാ സശാക്തീകരൺ യോജന

| | | | |
|---|---|---|---|
| | | | ഇതു കൂടാതെ ഒരു കമ്പ്യൂട്ടർ വായ്പാ പദ്ധതിയും, കേന്ദ്ര സർക്കാർ സഹകരണത്തോടെ സ്വരൺ ജയന്തി സ്വരാസ്ഗാർ യോജന (എസ്സ്.ജി.എസ്സ്.വൈ)യും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br><br>IV. **കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ**<br><br>(1) ഫെഡറേഷന്റെ അംഗങ്ങളായ പട്ടികജാതി-വർഗ്ഗ സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികൾക്കായി പ്രവർത്തന മൂലധന വായ്പയായി 15,82,296/- രൂപയും 34 സഹകരണ സംഘങ്ങൾക്ക് മാവേലിസ്റ്റോർ നടത്തുന്നതിന് ലോൺ ആയി 6,80,000/- രൂപയും 24 സഹകരണ സംഘങ്ങൾക്ക് കൺസ്യൂമർ സ്റ്റോർ നടത്തുന്നതിന് ലോൺ ആയി 2,40,000/- രൂപയും 49 സഹകരണ സംഘങ്ങൾക്ക് അതിലെ അംഗങ്ങൾക്ക് തൊഴിലധിഷ്ഠിത പദ്ധതി നടപ്പാക്കുവാൻ 47,40,000/- രൂപയും ഫെഡറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ, ചെറുകിട വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് എം.എഫ്.പി ശേഖരിക്കുന്നതിന് വേണ്ട ധനസഹായവും നൽകുന്നുണ്ട്. ഇതുമൂലം ഏകദേശം 6000-ൽപരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലവസരം ലഭിക്കുന്നുണ്ട്. ഇതിനു പരിയായി അംഗസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ ഫെഡറേഷൻ ഷോറൂമുകൾ മുഖേനയും എക്സിബിഷനുകൾ മുഖേനയും വിപണനം നടത്തിക്കൊടുക്കുന്നുണ്ട്. |
| (ബി) | വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ വൈദ്യസഹായത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, ആരോഗ്യ വകുപ്പിന്റെ 11 ഉം ഉൾപ്പെടെ ആകെ 13 മൊബൈൽ മെഡിക്കൽ യൂണിററുകൾ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ വൈദ്യസഹായം ഉൾപ്പെടെയുള്ള സേവനങ്ങൾക്കായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, വകുപ്പിന്റെ കീഴിൽ 6 ഔട്ട് പേഷ്യന്റ് ക്ലിനിക്കുകൾ, 17 ആയുർവ്വേദ ഡിസ്പൻസറികൾ, ഒരു ആയുർവ്വേദ ആശുപത്രി എന്നിവ പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആദിവാസി മേഖലകളിലും ഉൾപ്രദേശങ്ങളിലും 3000 ജനങ്ങൾക്ക് ഒരു സബ്സെന്ററും 20000 പേർക്ക് ഒരു പ്രൈമറി ഹെൽത്ത് സെന്ററും പ്രവർത്തിക്കുന്നുണ്ട്. വയനനാട് ജില്ലയിലെ നൂൽപ്പുഴ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിലായി സ്പെഷ്യാലിറ്റി ആശുപത്രികൾ തുറന്നുപ്രവർത്തിക്കന്നതിനുമുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു. വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസനിധിയിൽ നിന്നും 25000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |
| (സി) | ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ? | (സി) | കേരള സംസ്ഥാനത്ത് ആകെയുള്ള 36 വിഭാഗം ആദിവാസികളിൽ പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങളിൽ 4500 കുടുംബങ്ങളെ കേന്ദ്ര സർക്കാരിന്റെ 100% കേന്ദ്രസഹായ പദ്ധതിയായ "പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള ഇൻഷുറൻസ് പദ്ധതി" പ്രകാരം ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ **'ജനശ്രീ ഭീമാ യോജന'** പദ്ധതിയിൽ ഉൾപ്പെടുത്തി 5 വർഷത്തേക്ക് ഇൻഷ്വർ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 2000 കുടുംബങ്ങളെക്കൂടി ഇൻഷ്വർ ചെയ്യാൻ നടപ്പുവർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിൽ നിന്നും 2003-04 വർഷം അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ നൽകുന്നതിന് ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് 13-08-2007 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 272 17.09.2007 -ൽ മറുപടിയ്ക്ക്

## നദീതീരങ്ങളിൽ വൃക്ഷം വച്ചു പിടിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. എ. എം യൂസഫ്<br>ശ്രീ. വി.എൻ.വാസവൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) മണ്ണിടിച്ചിൽ തടയുന്നതിന് നദീതീരങ്ങളിൽ വൃക്ഷം വച്ചു പിടിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;<br><br>(ബി) പദ്ധതി നടത്തിപ്പിന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നുണ്ടോ ; | (എ) & (ബി)<br>ഇത്തരമൊരു പദ്ധതി വനംവകുപ്പ് പ്രത്യേകമായി നടപ്പാക്കുന്നില്ല. എന്നാൽ 2005-06 ൽ ഇത്തരമൊരു പദ്ധതി കേന്ദ്രസർക്കാർ ധനസഹായത്തോടുകൂടി പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ തീരത്ത് നടപ്പാക്കിയിരുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത നദികളുടെ കരകളിൽ വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്ന പരിപാടികളിൽ വനം വകുപ്പ് പൂർണ്ണ സഹകരണവും പങ്കാളിത്തവും നൽകിവരുന്നുണ്ട്. |
| (സി) പദ്ധതി പ്രകാരം ഏതെല്ലാം വൃക്ഷങ്ങളാണ് നട്ടുള്ളത് ; ഇവ നശിച്ചുപോകാതെ സംരക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടു ത്തുമോ ; | (സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വനംവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റുവകുപ്പുകളും സംയുക്തമായി നടപ്പാക്കിയ വൃക്ഷത്തൈ നടീൽ പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-<br>**തിരുവനന്തപുരം ജില്ല**<br>കരമനയാറിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിന്റെ |

ആഭിമുഖ്യത്തിൽ നദിയുടെ ഇരുകരകളിലുമായി പൊതുജന പങ്കാളിത്തത്തോടുകൂടി 6,300 മുളന്തൈകൾ നട്ടുപിടിപ്പിച്ചു.

<u>കൊല്ലം ജില്ല</u>

കല്ലടയാറിന്റെ ഇരുകരകളിലുമായി പുനലൂർ മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയംസഹായ സംഘങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി 5,100 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

<u>തൃശ്ശൂർ ജില്ല</u>

തൃശൂർ ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പുമായി യോജിച്ച് മണലിപ്പുഴയുടെ കരകളിൽ 10,500 മുളന്തൈകൾ പൊതുജന പങ്കാളിത്തത്തോടുകൂടി നട്ടു പിടിപ്പിച്ചു.

<u>പാലക്കാട് ജില്ല</u>

ഭാരതപ്പുഴയുടെ കരകളിൽ പാലക്കാട് ജില്ലയിലെ 3 മുനിസിപ്പാലിറ്റികളുടെയും 14 പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പൊതുജനപങ്കാളിത്തത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ ആർ.എസ്.വി.വൈ ഫണ്ടുപയോഗിച്ച് 83,900 മുളന്തൈകൾ നട്ടുപിടിപ്പിച്ചു.

വനം വകുപ്പ് ആവശ്യമായ മുളന്തൈകൾ വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 273

17. 9. 2007-ൽ മറുപടിയ്ക്ക്

## മത്സ്യഫെഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

ചോദ്യം

ശ്രീ. എ.എം.ആരിഫ്
ശ്രീ.എ.സി.മൊയ്തീൻ
ശ്രീ.എം.എം മോനായി
ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ.പി.ടി.എ. റഹീം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ്
മന്ത്രി)

എ) മത്സ്യഫെഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ പദ്ധതികളാണ് മത്സ്യഫെഡ് നടപ്പിലാക്കി വരുന്നത് ;

എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം മുൻനിർത്തി മത്സ്യ ഉൽപ്പാദന സംസ്ക്കരണ വിപണന മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നതാണ് മത്സ്യഫെഡിന്റെ ഉദ്ദേശ്യ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തി ഉദ്ദേശിച്ചുകൊണ്ട് താഴെ പറയുന്ന 9 പദ്ധതികൾ നടപ്പാക്കിവരുന്നു.

1) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2) നാടൻ വള്ളങ്ങളുടെ നവീകരണം
3) മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് പരമാവധി 6000 രൂപ സബ്സിഡി അനുവദിച്ചുകൊണ്ടുള്ള ധനസഹായം
4) സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പ
5) മത്സ്യം, കക്ക, കൊഞ്ച്, കണവ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും വേണ്ടിയുള്ള സ്വർണ്ണ ജയന്തി ഗ്രാമ സ്വരസ്ഗാർ പദ്ധതി.
6) മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി
7) തീരദേശ ലേല ഗ്രൂപ്പുകൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി
8) മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഉള്ള വായ്പ നൽകുന്ന പദ്ധതി
9) മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി

ബി) മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി മത്സ്യഫെഡിന്റെ വിൽപ്പന ശാലകൾ കൂടുതലായി ആരംഭിക്കുമോ ;

ബി) മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി സുനാമി അടിയന്തിര സഹായ/പുനരധിവാസ (ടീപ്പ്,റ്റി.ആർ.പി.) പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യവിപണനത്തിന് വാഹന സൗകര്യം എന്ന ഉപ പദ്ധതിയിൽ 250 യൂണിറ്റുകളും മത്സ്യ വിപണന ബൂത്തുകൾ എന്ന ഉപ പദ്ധതിയിൽ 45 യൂണിറ്റുകളും സീഫുഡ് കിച്ചൺ എന്ന ഉപ പദ്ധതിയിൽ 40 യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സി) മത്സ്യവിൽപന സ്റ്റാളുകൾ ആരംഭിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമോ ?

സി) ഇപ്പോൾതന്നെ സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി (ടീപ്പ്) സപ്ലൈകോയുമായി സഹകരിച്ച് മിനി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം തുടങ്ങുന്ന സൂപ്പർമാർക്കറ്റുകളിൽ മത്സ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യവും വിവക്ഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 274 17..09..2007 ൽ ബഹു.ധനകാര്യ മന്ത്രി മറുപടി പറയേണ്ടത്

**ദേശീയ സമ്പാദ്യ പദ്ധതി**

**ചോദ്യം** **ഉത്തരം**

ബഹു.ധനകാര്യ വകുപ്പ് മന്ത്രി

(1) ശ്രീ. . എം. പ്രകാശൻ മാസ്റ്റർ
(2) ശ്രീ.കെ.കെ. ജയചന്ദ്രൻ
(3) ശ്രീ.മുരളി പെരുനെല്ലി
(4) ശ്രീ.ബി.ഡി.ദേവസ്സി
(5) ശ്രീ. അൽഫോൺസ് കണ്ണന്താനം

| | |
|---|---|
| (എ) സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി പ്രകാരമുള്ള നിക്ഷേപങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| ( ബി) ഇതിന്റെ കാരണം എന്തെന്നു വ്യക്തമാക്കുമോ; ദേശീയ സമ്പാദ്യപദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | സ്ഥാപനങ്ങൾ(ക്ഷേമ നിധി ബോർഡ് /ട്രസ്റ്റ്) തുടങ്ങിയുള്ള നിക്ഷേപം ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിക്കുന്നത് -- കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയതും,മാസവരുമാന പദ്ധതിയ്ക്ക് നൽകി വന്നിരുന്ന ബോണസ് കേന്ദ്രം നിർത്തലാക്കിയതും, കാലാവധി പൂർത്തിയാക്കുന്നതിന്മുമ്പ് പിൻവലിക്കപ്പെടുന്ന മാസവരുമാന പദ്ധതി നിക്ഷേപങ്ങൾക്ക് കേന്ദ്രം പിഴ പലിശ ഏർപ്പെടുത്തിയതും, ദേശസാൽകൃത ബാങ്കുകളിൽ പലിശ ഇനത്തിൽ വന്ന വർദ്ധനവിന് ആനുപാതികമായി ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കാത്തതും ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള നിക്ഷേപം ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതികൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. |
| (സി) കളക്ഷൻ ഏജന്റുമാർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ നടപടി സ്വീകരിക്കുമോ | നിലവിൽ ഏജന്റുമാർക്ക് മതിയായ പ്രോത്സാഹനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :275

17/09/2007-ൽ മറുപടിക്ക്

കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി

ചോദ്യം

ശ്രീ. പള്ളിപ്രം ബാലൻ, എം. എൽ. എ.
ശ്രീ. എൻ. രാജൻ, എം. എൽ. എ.
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, എം. എൽ. എ.
ശ്രീ. എ. കെ. ചന്ദ്രൻ, എം. എൽ. എ.

എ. കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ;

ബി. നെൽകൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് നൽകിവരുന്ന ഇളവുകൾ എന്തെല്ലാം ;

സി. കാർഷികാവശ്യത്തിന് വൈദ്യുത കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ തീരുമാനമാകാതെ കിടപ്പുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ശ്രീ. എ. കെ. ബാലൻ
(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി )

എ. & ബി. 04/02/1999-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം. എസ്) 30/99 കൃഷി പ്രകാരം 01/08/1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും 01/04/1997 മുതൽ രണ്ടു ഹെക്ടറിൽ കവിയാത്ത മറ്റു കാർഷിക വിളകൾക്കും സൗജന്യമായി വൈദ്യുതി നൽകി വരുന്നുണ്ട്.

സി. ഉണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ലയുടെ പേര് | പോസ്റ്റ് ആവശ്യം ഇല്ലാത്തത്. | പോസ്റ്റ് ആവശ്യമുള്ളത്. |
|---|---|---|
| 1. തിരുവനന്തപുരം | --- | 10 |
| 2. കൊല്ലം | --- | 04 |
| 3. പത്തനംതിട്ട | --- | --- |
| 4. ആലപ്പുഴ | 43 | 11 |
| 5.കോട്ടയം | --- | 15 |
| 6. എറണാകുളം | 66 | 108 |
| 7. ഇടുക്കി | 15 | 47 |
| 8.തൃശ്ശൂർ | 178 | 336 |

| | | |
|---|---|---|
| 9. പാലക്കാട് | 81 | 421 |
| 10. കോഴിക്കോട് | 38 | 127 |
| 11. വയനാട് | 08 | 13 |
| 12. മലപ്പുറം | 268 | 1251 |
| 13. കണ്ണൂർ | 81 | 279 |
| 14. കാസർകോഡ് | 339 | 617 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.278 — 17.09.2007-ൽ മറുപടിക്ക്

ടൂറിസ്റ്റ് ബസ്സുകൾ ഉപയോഗിച്ചുള്ള കള്ളക്കടത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. വി. കുഞ്ഞിരാമൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ആർ.സെൽവരാജ്. | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകളിലൂടെയുള്ള കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് ഈ സർക്കാർ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) 1065 കേസുകൾ |
| (സി) ടൂറിസ്റ്റ് ബസ്സുകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (സി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകളിലൂടെ ധാരാളം നികുതിവിധേയമായ സാധനങ്ങൾ കള്ളക്കടത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസ്സുകളിൽ യാത്രക്കാർ ഉള്ളതുകൊണ്ട് ചെക്ക്പോസ്റ്റുകളിലോ യാത്രയിലോ കർശനമായ പരിശോധന നടത്തുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം യാത്ര അവസാനിക്കുന്ന സ്ഥലത്ത് ബസ്സുകൾ പരിശോധന നടത്തി വരുന്നു. പരിശോധനയിൽ ചരക്ക് കള്ളക്കടത്ത് കണ്ടെത്തുകയാണെങ്കിൽ സാധനങ്ങളുടെ വില തിട്ടപ്പെടുത്തി അതിന്റെ [illegible] അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഈടാക്കുന്നുണ്ട്. കൂടാതെ ബസ്സുടമയുടെ പേരിൽ നിയമപ്രകാരം പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. |

**12-ാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:277**

**17.9.2007-ൽ മറുപടിക്ക്**

**പാർപ്പിട നയം**

**ചോദ്യം**

ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.ബാബു എം.പാലിശ്ശേരി
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.ബി.രാഘവൻ

**മറുപടി**

ശ്രീ.ബിനോയ് വിശ്വം
(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സർക്കാരിന്റെ പാർപ്പിട നയം ഏതെല്ലാം കാര്യങ്ങളിലാണ് ഊന്നൽ നൽകുന്നത്;

(എ) കരട് ഭവന നിർമ്മാണ പാർപ്പിട നയം 2007ൽ പാർപ്പിട നിർമ്മാണ ഭൂമിയുടെ ലഭ്യത ഉറപ്പാക്കൽ, , വിവിധ പദ്ധതികൾക്കായുള്ള താങ്ങാനാവുന്ന തരത്തിലുള്ള ധനസമാഹരണം, നിയമ നിയന്ത്രണ മേഖലയിലെ പരിഷ്ക്കാരങ്ങൾ, സാങ്കേതിക വിദ്യാസഹായവും കൈമാറ്റവും, അടിസ്ഥാനസൗകര്യ വികസനം, പരിസ്ഥിതി അതിജീവന പ്രശ്നങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗക്കാരെയുംഅംഗവൈകല്യമുള്ളവരെയും വൃദ്ധസ്ത്രീകൾ തുടങ്ങി സമൂഹത്തിലെ മറ്റു ദുർബല വിഭാഗക്കാരെയും ഭവന പദ്ധതികൾ രൂപകല്പന ചെയ്ത് നടപ്പാക്കുന്നതിൽ ഭാഗഭാക്കാക്കൽ, സ്വാഭാവിക കെടും ദുരിതങ്ങളായ ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, സുനാമി,

ഭൂമി കുലുക്കം എന്നിവയിലേതെങ്കിലും പെട്ടവർക്ക് അത്യാഹിതം ചെറുക്കുന്നതിനുതകുന്ന വിധത്തിലുള്ള ഭവനങ്ങളും അധിവാസ വികസനവും ഏർപ്പെടുത്തൽ, ഭവന നിർമ്മാണ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ, ചേരിപ്രദേശങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. 'കരട് പാർപ്പിട നയം 2007'ൽ വളരെയധികം കാര്യങ്ങൾ ലക്ഷ്യമിട്ടിട്ടുണ്ട്. മേല്പറഞ്ഞവയെല്ലാം ലക്ഷ്യമിട്ട കാര്യങ്ങളിൽ ചിലതുമാത്രമാണ്.

(ബി) പാർപ്പിട നിർമ്മാണത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പാർപ്പിട നിർമ്മാണത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും ഉല്പാദന ക്ഷമത, കാര്യശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനും കേരള ഭവന നിർമ്മാണ പാർപ്പിട നയം 2007ന്റെ കരട് വിഭാവനം ചെയ്യുന്നു. പാർപ്പിട നിർമ്മാണ രംഗത്ത് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വികസിപ്പിച്ചെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

— —

| | | | |
|---|---|---|---|
| (സി) | നിർമ്മാണ സാമഗ്രികളും മറ്റാവശ്യ ഘടകങ്ങളും ചെറുകിട ഉത്പാദക രിൽനിന്നും ശേഖരിച്ച് നൽകുവാൻ സംവിധാനം ഏർപ്പെടുത്തുമോ; | (സി) | നിർമ്മാണ സാമഗ്രികളും മറ്റ് ആവശ്യ ഘടകങ്ങളും ചെറുകിട ഉത്പാദക രിൽനിന്നും ശേഖരിച്ച് നൽകുവാ നുള്ള നിർദ്ദേശം കരട് പാർപ്പിട നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി ശൃംഖലകളും പുനഃസംഘടിപ്പിക്കു വാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി ശൃംഖലകളും പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്താനുള്ള നിർദ്ദേശം കരട് പാർപ്പിട നയത്തിൽ ഉണ്ട്. |

Santhakumary

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .278 — 17/9/2007-ൽ മറുപടിക്ക്

സംസ്ഥാനത്തെ പട്ടികവർഗ്ഗ സെറ്റിൽമെൻറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.ജോർജ് മേഴ്സിയർ | | ശ്രീ. എ.കെ.ബാലൻ<br>ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. | |
| (എ) | സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ സെറ്റിൽമെൻറുകൾ ഉണ്ട്; | (എ) | 4082 പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. |
| (ബി) | ഈ സെറ്റിൽമെൻറുകളിൽ എത്രയെണ്ണത്തിൽ ഗവൺമെൻറ് കോളനികൾസ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. | (ബി) | ഗവൺമെൻറ് നേരിട്ട് ആദിവാസികൾക്ക് കോളനികൾ നിർമ്മിച്ചു കൊടുക്കാറില്ല. ആദിവാസികൾ പരമ്പരാഗതമായി കോളനി രീതിയിലാണ് അധിവസിച്ചു വരുന്നത്. ഇപ്രകാരം 4082 കോളനികൾ ഉണ്ട്. |
| (സി) | ഗവൺമെൻറ് സ്ഥാപിച്ചിട്ടുള്ളതായ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിച്ചുകൊടുത്തിട്ടുണ്ടോ; | (സി) | ഗവൺമെൻറ് പട്ടികവർഗ്ഗ കോളനികൾ സ്ഥാപിച്ചിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ 4082 കോളനികളിൽ 2187 കോളനികളിൽ വൈദ്യുതിയും 2795 കോളനികളിൽ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി, കുടിവെള്ളം എന്നിവ എന്ന് എത്തിക്കാൻ കഴിയുമെന്ന് പറയുമോ? | (ഡി) | സംസ്ഥാനത്തെ വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികളിൽ അടുത്ത മൂന്നുവർഷക്കാലം കൊണ്ട് ഇവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 279 | 17. 9. 2007-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള സഹായം

ചോദ്യം

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ.കെ.സുധാകരൻ
പ്രൊഫ.കെ.വി.തോമസ്.

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി.

| ചോദ്യം | | മറുപടി |
|---|---|---|
| എ) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; | എ) | 1) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആർ.ഡി.ഒ.യുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ നൽകുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>2) പ്രതിമാസം 120 രൂപ വിധവാ പെൻഷൻ<br>3) മത്സ്യഫെഡിന്റെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ വ്യക്തിഗത പ്രീമിയം അടച്ച് അംഗത്വം എടുത്തിട്ടുണ്ടെങ്കിൽ അവകാശിക്ക് ഒന്നര ലക്ഷം രൂപ ഇൻഷ്വറൻസ് നഷ്ടപരിഹാരം. |
| ബി) കടലിൽ വച്ചു മരിക്കുകയോ കാണാതാവുകയോ ചെയ്യുന്നവരുടെ ആശ്രിതരെ ദത്തെടുക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; | ബി) | കടലിൽ വച്ചു മരിക്കുകയോ കാണാതാവുകയോ ചെയ്യുന്നവരുടെ ആശ്രിതരെ ദത്തെടുക്കുന്ന പദ്ധതി ഇപ്പോൾ നിലവിൽ ഇല്ല. |
| സി) അവരുടെ ആശ്രിതരിൽ ഒരാൾക്ക് തൊഴിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 280

17. 9. 2007-ൽ മറുപടിയ്ക്ക്

## സൗജന്യ റേഷന് സ്ഥിരം സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.വേണുഗോപാൽ<br>ശ്രീ.എം.എ. വാഹിദ്<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) തീരക്കടലിൽ മത്സ്യത്തിന്റെ ലഭ്യത വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇക്കാര്യത്തിൽ ആധികാരികമായി അഭിപ്രായം പറയേണ്ട ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിൻ പ്രകാരം തീരക്കടലിലെ മത്സ്യത്തിന്റെ ലഭ്യതയിൽ കാര്യമായ കുറവ് അനുഭവപ്പെട്ടിട്ടില്ല. ചെറിയ ഏറ്റക്കുറച്ചിലുകൾ മാത്രമേ മത്സ്യോല്പാദനത്തിൽ അനുഭവപ്പെട്ടിട്ടുള്ളൂ. |
| ബി) ഇതുമൂലം മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾ പട്ടിണിയിൽ ആയിട്ടുണ്ടോ ; | ബി) മത്സ്യ ലഭ്യത കുറവായതുമൂലം മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന കുടുംബങ്ങൾ പട്ടിണിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇത്തരക്കാർക്ക് വേണ്ടി മറ്റു തൊഴിലുകൾ കണ്ടെത്തുവാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ? | സി) കേന്ദ്ര സർക്കാരിന്റെയും ഏഷ്യൻ വികസന ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെയുള്ള ' സുനാമി പുനരധിവാസ പദ്ധതി ' (റ്റി.ആർ.പി) ' സുനാമി അടിയന്തിര സഹായ പദ്ധതി ' (റ്റീപ്പ്) എന്നീ പദ്ധതികൾ തീരദേശ വാസികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അവരെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിനുമായി നടപ്പിലാക്കിവരുന്നു. |
| ഡി) ഇത്തരക്കാർക്ക് വേണ്ടി മറ്റ് തൊഴിലുകൾ ലഭ്യമാക്കുന്നതുവരെ കടൽത്തീരങ്ങളിലെ വറുതി ക്കാലത്ത് സൗജന്യ റേഷന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ? | ഡി) മൺസൂൺ കാല ട്രോളിംഗ് നിരോധന സമയത്ത് തൊഴിൽരഹിതരായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾ/പീലിംഗ് തൊഴിലാളി കൾ എന്നിവർക്കും സൗജന്യ റേഷൻ അനുവദി ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 261    17-09-2007 ൽ മറുപടിയ്ക്ക്

കുര്യാർ കുറ്റി- കാരാപ്പാറ ജലവൈദ്യുത പദ്ധതി

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുര്യാർകുറ്റി- കാരാപ്പാറ ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്; | (എ) കുരിയാർകുട്ടി-കാരപ്പാറ ജലവൈദ്യുത പദ്ധതി ജലസേചന-വൈദ്യുതി വകുപ്പുകളുടെസംയുക്ത സംരംഭമായി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. |
| (ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതിയ്ക്ക് മൊത്തം 823.87 ഹെക്ടർ (2060 ഏക്കർ) ഭൂമി ആവശ്യമാണ്. ഇതിൽ 76.90 ഹെക്ടർ (192 ഏക്കർ) വനഭൂമിയും, 746.97 ഹെക്ടർ (1868 ഏക്കർ) പാട്ടത്തിനു നൽകിയ വനഭൂമിയിൽ ഉള്ള തോട്ടങ്ങളുമാണ്. 1994 മുതൽ ഫോറസ്റ്റ് ക്ലിയറൻസിനും, എൻവയോൺമെന്റൽ ക്ലിയറൻസിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ഇതുവരെ ഈ ക്ലിയറൻസുകൾ ലഭിച്ചിട്ടില്ല. ഈ സംരംഭത്തിന്റെ സാങ്കേതിക -സാമ്പത്തിക വശങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിലും,വൈദ്യുതി ബോർഡും ജലസേചന വകുപ്പും തമ്മിലും ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറാകുമോ? | (സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റേയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തിക മായ പ്രായോഗികതയും കൂടി പരിഗണിച്ച് ജലസേചന- വൈദ്യുതി വകുപ്പുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :282

17/09/2007-ൽ മറുപടിക്ക്

ഗ്രാമീണശുദ്ധജല പദ്ധതികൾക്ക് വൈദ്യുതി ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പ്രൊഫ. എൻ. ജയരാജ്, എം. എൽ. എ.<br>ശ്രീ. തോമസ് ഉണ്ണിയാടൻ, എം. എൽ. എ.<br>ശ്രീ. സി. എഫ്. തോമസ്, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് വൈദ്യുതി ഇളവ് നൽകുന്നതിന് നിലവിൽ നിയമമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | എ. സർക്കാരിന്റെ നയപരിപാടി അനുസരിച്ച് ജലനിധി, ജലധാര, സ്വജലധാര എന്നീ കുടിവെള്ള പദ്ധതികൾക്കും, എസ്. സി/എസ്. റ്റി, ലക്ഷം വീട് കോളനികളിൽ സ്ഥാപിച്ചിട്ടുള്ളതും, ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതുമായ കുടിവെള്ള പദ്ധതികൾക്കും, എം. പി/എം. എൽ. എ. ഫണ്ട്/, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃകമ്മറ്റികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾക്കും ബോർഡ് ഗാർഹിക നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 283    17.09.2007 ൽ മറുപടിയ്ക്ക്

<u>പട്ടികസമുദായത്തിലെ വിദ്യാർത്ഥികൾക്ക് നിർബന്ധിത വിദ്യാഭ്യാസം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികസമുദായത്തിലെ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പതിനാലു വയസു വരെയുള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വകുപ്പ് മുഖേന നിർബന്ധിത വിദ്യാഭ്യാസം നല്കുന്നു. പട്ടിക വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് നഴ്സറിതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ എല്ലാവിധ ഫീസാനു കൂല്യവും, സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ നൽകി വരുന്നു. പട്ടികവർഗ്ഗ സമുദായത്തിലെ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നല്കുന്നതിനു വേണ്ടി 5 വയസ് മുതൽ 15 വയസ്സു വരെ പ്രായമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളുകളിൽ പ്രവേശിപ്പി ക്കുന്നതിന് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രീമെട്രിക് ഹോസ്റ്റൽ വാർഡന്മാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ മുഖേന എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിനു മുമ്പായി വിവിധ സങ്കേതങ്ങളിൽ എത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. സ്കൂളിൽ ദിവസവും വന്നു പഠിച്ചു വീട്ടിൽ പോകുന്നതിനു കഴിയാത്ത പട്ടിക വിഭാഗം കുട്ടികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ സൗജന്യതാമസവും, ഭക്ഷണവും നല്കി പഠിക്കുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സമർത്ഥരായ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി 25 ആശ്രമ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എല്ലാ കുട്ടികളെയും സ്കൂളുകളിൽ ചേർക്കുന്ന തിന് മാതാപിതാക്കൾക്ക് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ? | (ബി) എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥി കളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹനമായി പ്രതിമാസം 50 രൂപ നിരക്കിൽ ഒരു വിദ്യാഭ്യാസ വർഷം 500/- രൂപ ധനസഹായമായി നല്കി വരുന്നു. അദ്ധ്യയന വർഷത്തിലെ ഓരോ മാസവും കുറഞ്ഞത് 75% ഹാജർ ഉണ്ടായിരിക്കണ മെന്ന നിബന്ധനയുണ്ട്. ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർ അയച്ചുതരുന്ന ഹാജരിന്റെ അടിസ്ഥാന ത്തിലാണ് ധനസഹായം നല്കുന്നത്. പട്ടികജാതി വിഭാഗത്തിൽ നിലവിൽ പദ്ധതികളില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.264 . 17.9.2007-ൽ മറുപടിയ്ക്ക്

**കേന്ദ്രസർക്കാരിന്റെ ഭക്ഷ്യ ഇറക്കുമതി നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി.ശശികുമാർ :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ.സി.പി.കുഞ്ഞു :<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ ആർ.സെൽവരാജ് : | ശ്രീ. എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കേന്ദ്രസർക്കാരിന്റെ ഭക്ഷ്യ ഇറക്കുമതി നയം സംസ്ഥാനത്തെ പരമ്പരാഗത ഭക്ഷ്യകൃഷിമേഖലയെ കടുത്ത ദോഷകരമായി ബാധിക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) പരമ്പരാഗത ഭക്ഷ്യങ്ങളായി മാർക്കറ്റ് പിടിക്കുന്ന അരി, പാല്, കോഴി, പഴം തുടങ്ങിയ ഭക്ഷ്യങ്ങൾ ഇപ്പോൾ ഇറക്കുമതി ചെയ്യുന്നുണ്ടോ ; | (ബി) ഇത്തരം ഇറക്കുമതി ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) പരമ്പരാഗത ഭക്ഷ്യങ്ങളുടെ മാർക്കറ്റ് പിടിച്ചെടുക്കുന്ന ഇറക്കുമതിനയം തിരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ? | (സി) ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനും, കേന്ദ്ര കൃഷി മന്ത്രി ശ്രീ.ശരദ് പവാറിനും, കേന്ദ്രവാണിജ്യമന്ത്രി ശ്രീ.കമൽനാഥിനും ഇറക്കുമതി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് കത്തെഴുതിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.285. 17.9.2007-ൽ മറുപടിക്ക്

## തീരക്കടലിലെ മത്സ്യസമ്പത്ത്


ചോദ്യം

ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. കെ.വി.തോമസ് :
ശ്രീ. എം.എ. വാഹിദ് :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)


| | |
|---|---|
| (എ) തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി സംസ്ഥാനസർക്കാർ ഫിഷറീസ് മേഖലയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ റാഞ്ചിംഗ് പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ തീരക്കടലിലെ മത്സ്യസമ്മർദ്ദം കുറക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധനത്തിലേക്ക് ബോട്ടുകളെ തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതിക്കും നടപടിയെടുത്തുവരുന്നു. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി തീരത്തോടു ചേർന്നും അഴിമുഖങ്ങളിലും ഞണ്ട്, കക്ക, മുരിങ്ങ, കടൽപ്പായൽ എന്നിവയുടെ കൃഷി നടത്തുന്നതിനും നടപടിയെടുത്തുവരുന്നു. ജീവിതചക്രം പൂർത്തീകരിക്കുന്നതിനും പ്രജനനത്തിനുമായി കടലിൽ നിന്നും കായലുകളിലേക്കും മറിച്ചും സഞ്ചരിക്കുന്ന മത്സ്യങ്ങളെയും കുഞ്ഞുങ്ങളെയും നശിപ്പിക്കുന്ന 'ഏറ്റം കെട്ട്' പോലുള്ള അനധികൃത ബന്ധന നടപടികൾക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യപ്രജനനത്തിന് ഏറെ പ്രയോജനംചെയ്യുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന പദ്ധതിയും വനം വകുപ്പുമായി സഹകരിച്ച് നടത്തിവരുന്നു. |
| (ബി) കടലിൽ കൃത്രിമപാര് നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യം വർദ്ധിക്കുമോ ; എങ്കിൽ അതിനുള്ള നടപ | (ബി) കൃത്രിമപാര് നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യങ്ങൾക്ക് പ്രജനനം നടത്താനുള്ള സുരക്ഷിതയിടങ്ങൾ ഉണ്ടാകുകയും അത് മൂലം മത്സ്യ |

| | |
|---|---|
| ടികൾ സ്വീകരിക്കുമോ ; | സമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്നതായാണ് കണ്ടുവരുന്നത്. വികസിതരാജ്യങ്ങളിൽ കൃത്രിമ പാര് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതി വളരെ ഊർജ്ജിതമായി നടപ്പാക്കി വരുന്നു.<br>സുനാമി പുനരധിവാസ പദ്ധതിപ്രകാരം കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ 79.90 ലക്ഷം രൂപ മുടക്കി അഞ്ചു കൃത്രിമപാര് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഏജൻസി വഴി നടപടിയെടുത്തുവരുന്നു. |
| (സി) കടൽ മത്സ്യങ്ങളുടെ പ്രജനനം നടത്തി മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിക്കുന്നത് മൂലം തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിക്കുമോ ; എങ്കിൽ ഇത്തരം പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) കാര, നാരൻ ഇനം ചെമ്മീൻ കുഞ്ഞുങ്ങളെ അഴിമുഖങ്ങളിലും കായൽപ്രദേശത്തും നിക്ഷേപിക്കുന്നതുമൂലം തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിക്കുമെന്നാണ് ശാസ്ത്രീയനിഗമനം. കഴിഞ്ഞവർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയതുമൂലം മത്സ്യസമ്പത്തിന് വർദ്ധനവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഒരു പഠനം നടത്തുന്നതിന് നടപടിയെടുത്തിട്ടുണ്ട്.<br>സർക്കാരിന്റെ കീഴിലുള്ള മത്സ്യ/ചെമ്മീൻ വിത്തുല്പാദന കേന്ദ്രത്തിൽ വളർത്തിയെടുത്ത് ഗുണമേന്മയുള്ള ഇനം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ അഴിമുഖങ്ങളിലും കായൽപ്രദേശങ്ങളിലും തുറന്നുവിടുന്ന പദ്ധതിയാണ് സീ റാഞ്ചിംഗ് പദ്ധതി. 1997-98 മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുകയാണ്. സ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മത്സ്യത്തൊഴിലാളികളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :286

17/09/2007-ൽ മറുപടിക്ക്

ദീപാലങ്കാരങ്ങൾ, പരസ്യ ബോർഡുകൾ എന്നിവയ്ക്കുള്ള വൈദ്യുതി ഉപയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജാജി മാത്യു തോമസ്, എം. എൽ. എ. | | ശ്രീ. എ. കെ. ബാലൻ (പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| എ. ദീപാലങ്കാരങ്ങൾ, പരസ്യ ബോർഡുകൾ എന്നിവയ്ക്കുള്ള വൈദ്യുതിഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നിബന്ധനകൾ വൈദ്യുതി ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ ; | എ. | ദീപാലങ്കാരങ്ങൾ, പരസ്യബോർഡുകൾ എന്നിവയ്ക്കുള്ള വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല. |
| ബി. ദീപാലങ്കാരങ്ങൾക്കും പരസ്യ ബോർഡുകൾക്കും പ്രത്യേക മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും പ്രത്യേക താരീഫുകൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ? | ബി. | ദീപാലങ്കാരങ്ങൾക്ക് പ്രത്യേക മീറ്റർ സ്ഥാപിച്ചാണ് വൈദ്യുത കണക്ഷൻ നൽകുന്നത്. പരസ്യ ഏജൻസികൾ സ്വന്തം ചെലവിൽ പ്രദർശന ബോർഡിന് സമീപം ഒരു കിയോസ്കിൽ വൈദ്യുതി മീറ്റർ സ്ഥാപിക്കണമെന്ന് നിർബന്ധമുണ്ട്.<br>സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 24/10/2002 ലെ നോട്ടിഫിക്കേഷൻ അനുസരിച്ച് ദീപാലങ്കാരങ്ങൾക്ക് എൽ.റ്റി. III താരീഫും, പരസ്യബോർഡുകൾക്ക് എൽ. റ്റി. VII A താരിഫും ആണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 287

17.9.2007-ൽ മറുപടിക്ക്

## ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>" ടി.എൻ. പ്രതാപൻ:<br>" എം. മുരളി | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ഹൗസിംഗ് ബോർഡ് ഇപ്പോൾ എന്തെല്ലാം കൺസൾട്ടൻസി പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; | എ) ഹൗസിംഗ് ബോർഡ് ഇപ്പോൾ ഏറ്റെടുത്ത് നടത്തി വരുന്ന കൺസൾട്ടൻസി ജോലികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ഇതിൽ കൺസൾട്ടൻസി ജോലികളായ ആർക്കിടെക്ചറൽ ഡ്രോയിംഗുകൾ, സ്ട്രക്ചറൽ ഡ്രായിംഗുകൾ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെൻഡറിംഗ് നിർമ്മാണ മേൽനോട്ടവും, മെഷർമെൻറ് എടുക്കലും, ചെക്ക് മെഷർ ചെയ്യലും, കൂടാതെ ഡെപ്പോസിറ്റ് ജോലികളും ടെൻഡർ വർക്കുകളും ഉൾപ്പെടുന്നു. |
| ബി) കൺസൾട്ടൻസി സേവനങ്ങൾ ബോർഡ് ആർക്കൊക്കെയാണ് നൽകുന്നതെന്നും ആയതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | ബി) ബോർഡിന്റെ കൺസൾട്ടൻസി സേവനങ്ങൾ എല്ലാ വിഭാഗങ്ങൾക്കും അതായത് മറ്റ് പബ്ലിക് സെക്ടർ സ്ഥാപനങ്ങൾക്കും, ക്വാസി ഗവൺമെൻറ് സ്ഥാപനങ്ങൾക്കും, പ്രൈവറ്റ് ഏജൻസികൾക്കും, തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കും, ടെക്നിക്കൽ സർവീസുകൾ ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങൾക്കും ബോർഡ് അംഗീകരിച്ചിട്ടുള്ള ഫീസ് നിരക്കിൽ സേവനം ലഭ്യമാക്കി വരുന്നു. ബോർഡ് അംഗീകരിച്ചിട്ടുള്ള പരമാവധി നിരക്കുകളുടെ വിശദവിവരം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. |
| സി) | തനത് സാങ്കേതിക വിഭാഗം ഇല്ലാത്ത സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ടെക്നിക്കൽ കൺസൾട്ടൻസിയായി ബോർഡിനെ നാമനിർദ്ദേശം ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പ്രത്യേക സാങ്കേതിക വിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം- 1

ഹൗസിംഗ് ബോർഡ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കൺസൾട്ടൻസി പ്രവർത്തനങ്ങളുടേയും കരാർ പ്രവർത്തനങ്ങളുടേയും പട്ടിക

| നമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ സ്വഭാവം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ | |
| (1) | ആറ്റിങ്ങലിലെ ശ്രീപാദം സ്റ്റേഡിയത്തിൻെറ നിർമ്മാണം | ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് മുതൽ നിർമ്മാണ പ്രവർത്തനത്തിൻെറ അവസാന ഘട്ടം വരെയുള്ള കൺസൾട്ടൻസി വർക്ക്. |
| (2) | പിരപ്പൻകോട് നിർമ്മിക്കുന്ന അക്വാട്ടിക് കോംപ്ലക്സിൻെറ നിർമ്മാണം | ബാലൻസ് വർക്കുകളുടെ കൺസൾട്ടൻസി വർക്ക് |
| (3) | മൂന്നാറിലുള്ള എച്ച്.എ.ടി.സിയുടെ നിർമ്മാണം | ബാലൻസ് വർക്കുകളുടെ കൺസൾട്ടൻസി വർക്ക്. |
| (4) | മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്കിൻെറ നിർമ്മാണം | ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് മുതൽ നിർമ്മാണ പ്രവർത്തനത്തിൻെറ അവസാന ഘട്ടം വരെയുള്ള കൺസൾട്ടൻസി വർക്ക്. |
| 2 | പ്രമാടം പഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയത്തിൻെറ നിർമ്മാണം | ആർക്കിടെക്ച്ചറൽ ഡിസൈൻ, ദർഘാസ്, സൂപ്പർവിഷൻ എന്നീ കൺസൾട്ടൻസി പ്രവർത്തികൾ |
| 3 | ഗോശ്രീ ഐലൻറ് ഡെവലപ്മെൻറ് അതോറിറ്റിക്ക് വേണ്ടിയുള്ള കൺസൾട്ടൻസി പ്രവർത്തനം | സോയിൽ ടെസ്റ്റിംഗ്, സൈറ്റ് സർവ്വേ, റോഡ് അലൈൻമെൻറ്, പാലം, കലുങ്ക്, ഡിസൈൻ വല്യുവേഷൻ എന്നീ കൺസൾട്ടൻസി പ്രവർത്തനം. |

| | | |
|---|---|---|
| 4 | ബാംഗ്ലൂരിലുള്ള എം.ഇ.സി സെൻററിന് വേണ്ടിയുള്ള ആസ്ട്രോ ടർഫ് ഹോക്കി ഫീൽഡിൻെറ നിർമ്മാണം | ദർഘാസ്സ് വരെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |
| 5 | കോന്നിയിലുള്ള ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൻെറ നിർമ്മാണം | എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതുവരെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |
| 6 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | |
| (1) | കോട്ടയത്തുള്ള ഹൈപ്പർ മാർക്കറ്റ് | എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതുവരെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |
| (2) | മട്ടാഞ്ചേരിയിലുള്ള കല്ല് ഗോഡൗണിൻെറ അറ്റകുറ്റപ്പണികൾ | എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതുവരെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |
| (3) | പഴയങ്ങാടിയിലുള്ള സൂപ്പർ മാർക്കറ്റ് | സൂപ്പർവിഷൻ ഉൾപ്പെടെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |
| (4) | തലശ്ശേരിയിലുള്ള കോംപ്ലക്സ് | സൂപ്പർവിഷൻ ഉൾപ്പെടെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |
| (5) | കൊച്ചിയിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിൻെറ അറ്റകുറ്റപ്പണികൾ | എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| (6) | ഹെഡ് ഓഫീസ്സ് കോംപ്ലക്സിൻെറ ഫ്ലോറിംഗ് | എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| (7) | ഇടപ്പള്ളിയിലെ ചുറ്റുമതിൽ | എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| 7 | വാരാപ്പുഴപഞ്ചായത്തിൻെറ ഷോപ്പിംഗ് കോംപ്ലക്സിൻെറ നിർമ്മാണം | എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വരെയുള്ള കൺസൾട്ടൻസി പ്രവർത്തനങ്ങൾ |
| 8 | ബി.പി.സി.എല്ലിൻെറ നീടെയിൽ ഔട്ട്ലെറ്റുകളുടെ നിർമ്മാണം<br>1. മണ്ണന്തല, തിരുവനന്തപുരം<br>2. കിഴക്കേകോട്ട, തിരുവനന്തപുരം<br>3. തിരുവല്ലം, തിരുവനന്തപുരം<br>4. മണ്ണുത്തി, തൃശ്ശൂർ<br>5. കൊടകര, തൃശ്ശൂർ | സൂപ്പർവിഷനും. ബില്ലിംഗുമടങ്ങുന്ന കൺസൾട്ടൻസി പ്രവർത്തികൾ |

| | | |
|---|---|---|
| | 6. വടക്കുംമുറി, പാലക്കാട്<br>7. കോതമംഗലം, കൊച്ചി<br>8. നെടുമ്പാശ്ശേരി, കൊച്ചി | |
| 9 | ചോറ്റാനിക്കര പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് | എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതുവരെയുള്ള കൺസൾട്ടൻസി പ്രവർത്തികൾ |

ഡെപ്പോസിറ്റ് വർക്കുകൾ

| നം | വർക്കിന്റെ പേര് |
|---|---|
| | |
| 1 | ഐ.റ്റി.ഡി.പി ക്ക് വേണ്ടി വയനാട്ടിൽ 270 വീടുകളുടെ നിർമ്മാണം |
| 2 | കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിനു വേണ്ടി മലപ്പുറമിൽ ഓഫീസ്സ് ബിൽഡിംഗ് നിർമ്മാണം |
| 3 | എസ്സ്.സി.എസ്സ്.റ്റി ഡിപ്പാർട്ടമെൻറിനു വേണ്ടി പാവപ്പെട്ടവർക്കായുള്ള 2500 വീടുകളുടെ നിർമ്മാണം |
| 4 | തൃശ്ശൂർ മുനിസിപ്പാലിറ്റിയിലെ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ നിർമ്മാണം (തുടങ്ങിയിട്ടില്ല) |
| 5 | തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ എസ്സ്.സി. ഫ്ളാറ്റുകളുടെ നിർമ്മാണം (300 sq.ft വീതമുള്ള 8 യൂണിറ്റുകൾ അടങ്ങുന്ന 6 ബ്ലോക്കുകൾ. ആകെ 48+2=50) |
| 6 | ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനു വേണ്ടി കോന്നിയിൽ ഇൻസ്പെക്ഷൻ ബംഗ്ളാവിന് സമീപമായി ഗസ്റ്റ് ഹൗസ് നിർമ്മാണം |
| 7 | പാലക്കാട് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽ TSP പ്ളോട്ടിലുള്ള വീട് നിർമ്മാണം (20 M sq. ൽ കുറയാത്ത 9 കെട്ടിടങ്ങൾ. ഓരോന്നിനും 75000 രൂപ) |
| 8 | കോന്നിയിലെ ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി കേരളീയ ശൈലിയിലുള്ള ഗേറ്റ് നിർമ്മാണം |
| 9 | കണ്ണൂരിലെ പന്ന്യന്നൂരിലുള്ള ചെറുകിട വ്യവസായ യൂണിറ്റ് നിർമ്മാണം |

കരാർ പ്രവർത്തികൾ

| | | |
|---|---|---|
| 1 | വെഞ്ഞാറമൂട് എം.എ.സി.ഇ യുടെ കോളേജ് കെട്ടിട നിർമ്മാണം | 160 ലക്ഷം |
| 2 | വി.എസ്.എസ്.സി യ്ക്കു വേണ്ടി സാങ്കേതിക സർവ്വീസ് സമുച്ചയം | 100 ലക്ഷം |
| 3 | കാട്ടാക്കടയിൽ കെ.എസ്സ്.ആർ.റ്റി.സിയ്ക്ക് വേണ്ടി ഷോപ്പിംഗ് കോംപ്ലക്സ് (വർക്ക് അവാർഡ് ചെയ്തു) | 225 ലക്ഷം |

Rajan

സെക്ഷൻ ഓഫീസർ

അനുബന്ധം - II

## ബോർഡിന്റെ കൺസൽട്ടൻസി ഡിവിഷൻ ഏറ്റെടുത്തു നടത്തുന്ന വർക്കുകൾക്കുള്ള പരമാവധി നിരക്കുകളുടെ വിശദവിവരം

1. ആർക്കിടെക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ : എസ്റ്റിമേറ്റ് തുകയുടെ 1% (ലോക്കൽ അതോറിറ്റികളുടെ അംഗീകാരം ആവശ്യമെങ്കിൽ അതിന്റെ യഥാർത്ഥ ചെലവ് പ്രത്യേകം ചാർജ്ജ് ചെയ്യുന്നതാണ്).

2. സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ : എസ്റ്റിമേറ്റ് തുകയുടെ 1% (സോയിൽ ഇൻവെസ്റ്റിഗേഷൻ മുതലായവയ്ക്ക് വേണ്ടി അതിന്റെ യഥാർത്ഥ ചെലവ് പ്രത്യേകം ചാർജ്ജ് ചെയ്യുന്നതാണ്)

3. എസ്റ്റിമേറ്റും ടെൻഡർ ഡോക്കുമെന്റും തയ്യാറാക്കൽ : എസ്റ്റിമേറ്റ് തുകയുടെ 1.5%

4. ടെൻഡർ ഫ്ളോട്ടിംഗും വർക്ക് അവാർഡും : എസ്റ്റിമേറ്റ് തുകയുടെ 1%

5. നിർമ്മാണത്തിന്റെ മേൽനോട്ടം, മെഷർമെന്റ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകൽ, കൈമാറ്റം ചെയ്യൽ എന്നിവയ്ക്ക്. } യഥാർത്ഥ നിർമ്മാണ തുകയുടെ 8%

6. സ്ട്രക്ച്ചറൽ ഡിസൈൻ ചെക്കിംഗും സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകലും : എസ്റ്റിമേറ്റ് തുകയുടെ 0.5%

7. ആർക്കിടെക്ച്ചറൽ ഡിസൈനും, സ്ട്രക്ച്ചറൽ ഡിസൈനും തയ്യാറാക്കുന്നതിന് (സോയിൽ ഇൻവെസ്റ്റിഗേഷൻ, ലോക്കൽ അതോറിറ്റികളുടെ അംഗീകാരം എന്നിവ ആവശ്യമെങ്കിൽ അതിന്റെ യഥാർത്ഥ ചെലവ് പ്രത്യേകം ചാർജ്ജ് ചെയ്യുന്നതാണ്. : എസ്റ്റിമേറ്റ് തുകയുടെ 2%

8. ആർക്കിടെക്ച്ചറൽ ഡിസൈനും, സ്ട്രക്ച്ചറൽ ഡിസൈനും എസ്റ്റിമേറ്റും ടെൻഡർ ഡോക്കുമെൻറും തയ്യാറാക്കുന്നതിന് : എസ്റ്റിമേറ്റ് തുകയുടെ 3.5%

9. ആർക്കിടെക്ച്ചറൽ ഡിസൈനും, സ്ട്രക്ച്ചറൽ ഡിസൈനും, എസ്റ്റിമേറ്റും ടെൻഡർ ഡോക്കുമെൻറും തയ്യാറാക്കുന്നതിനും, ടെൻഡർ ഫ്ലോട്ടിംഗും വർക്ക് അവാർഡും ചെയ്യുന്നതിനായി : എസ്റ്റിമേറ്റ് തുകയുടെ 4.5%

10. ആർക്കിടെക്ച്ചറൽ ഡിസൈനും, സ്ട്രക്ച്ചറൽ ഡിസൈനും, എസ്റ്റിമേറ്റും ടെൻഡർ ഡോക്കുമെൻറും തയ്യാറാക്കുന്നതിനും, ടെൻഡർ ഫ്ലോട്ടിംഗും,വർക്ക് അവാർഡ് ചെയ്യലും, നിർമ്മാണത്തിൻെറ മേൽനോട്ടം, മെഷർമെൻറ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകൽ, കൈമാറ്റം ചെയ്യൽ എന്നിവ ചെയ്യുന്നതിന് : യഥാർത്ഥ നിർമ്മാണ തുകയുടെ 12.5%

11 ഡിസൈനുകളുടെ ആവർത്തനം : ആദ്യത്തെ ഡിസൈനിൻെറ ചാർജ്ജിൻെറ 40%

12 ഇലക്ട്രിക്കൽ സ്കീംസിൻെറ എസ്റ്റിമേറ്റ് (കറൻറ് പി.ഡബ്ളിയു.ഡി ഷെഡ്യൂൾ പ്രകാരം) തയ്യാറാക്കൽ, ടെൻഡർ ഡോക്കുമെൻറുകൾ തയ്യാറാക്കൽ, മുതലായവയും മുഴുവൻ പ്രോജക്ടിൻെറ ടെക്നിക്കൽ അസിസ്റ്റൻസിനും (ഗവൺമെൻറ് ഡിപ്പാർട്ടുമെൻറിനുള്ള സ്റ്റാറ്റ്യൂട്ടറി റെമിറ്റൻസ് ഒഴികെ) : യഥാർത്ഥ നിർമ്മാണ തുകയുടെ 3.5%

13 ഇലക്ട്രിക്കൽ സ്കീംസിൻെറ എസ്റ്റിമേറ്റ് (കറൻറ് പി.ഡബ്ളിയു.ഡി ഷെഡ്യൂൾ പ്രകാരം) തയ്യാറാക്കൽ, ടെൻഡർ ഡോക്കുമെൻറുകൾ തയ്യാറാക്കൽ, മുതലായവയും മുഴുവൻ പ്രോജക്ടിൻെറ ടെക്നിക്കൽ അസിസ്റ്റൻസിനും

(ഗവൺമെൻറ് ഡിപ്പാർട്ടുമെൻറിനുള്ള സ്റ്റാറ്റ്യൂട്ടറി റെമിറ്റൻസ് ഒഴികെ ) കൂടാതെ മുഴുവൻ പ്രോജക്ടിൻെറ സൂപ്പർവിഷനും വർക്കിൻെറ ക്വാളിറ്റി ചെക്കിംഗും മെഷർമെൻറ് സർട്ടിഫൈ ചെയ്യലും. : യഥാർത്ഥ നിർമ്മാണ തുകയുടെ 13%

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 288 — 17. 9. 2007-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ എസ് ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് മത്സ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മത്സ്യമേഖലയ്ക്ക് പ്രതിവർഷം എത്ര ലിറ്റർ മണ്ണെണ്ണയാണ് ആവശ്യമുള്ളത് ; ഇതിൽ എത്ര ലിറ്ററാണ് അനുവദിച്ചിട്ടുള്ളത് ; | ബി) മത്സ്യബന്ധനത്തിനായി 18070 ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ചുവരുന്നു. ഇവർക്ക് പ്രതിവർഷം ഏകദേശം 159016 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. എന്നാൽ ഇതിൽ ഏകദേശം 30580.80 കിലോ ലിറ്റർ മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നത്. |
| സി) മത്സ്യബന്ധന ബോട്ടുകൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | സി) മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡിയാണ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ആറാം സമ്മേളനം

<u>വാങ്മൂലം മറുപടി നൽകേണ്ട</u>

<u>ചോദ്യം നമ്പർ 289</u> <u>17.9.07- ൽ മറുപടിയ്ക്ക്</u>

<u>ലക്ഷം വീടു കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കോവൂർ.കുഞ്ഞുമോൻ :<br>ശ്രീ.എ.എ.അസീസ് : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകളെ ഒറ്റ വീടുകളാക്കി മാറ്റുന്ന പദ്ധതി ഏത് ഘട്ടം വരെയായി ; | എ) ലക്ഷം വീടുകളുടെ നവീകരണത്തിനായി 26.11.04 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒരു വീടിന് 20,000/- രൂപ നിരക്കിൽ 2500 വീടുകൾക്ക് ഈ തുക ഉപയോഗിച്ച് ധനസഹായം നൽകാവുന്നതാണ്. ഇതിൽ 31.8.07 വരെ 1328 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ബി) ഏത് ഏജൻസി വഴി എന്നുമുതൽ ഇത് നടപ്പിലാക്കി തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ ? | ബി)ലക്ഷം വീട് നവീകരണ പദ്ധതി 26.11.04 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.57/04 /ഭവനം പ്രകാരം ഭവന നിർമ്മാണ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 290 17.9.2007-ലെ മറുപടിക്ക്

## പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>പ്രൊഫ.എൻ.ജയരാജ് | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി സംസ്ഥാനത്ത് എത്ര പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട് ; | (എ) പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 15 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10 എണ്ണം ആൺകുട്ടികൾക്കും, 5 എണ്ണം പെൺകുട്ടികൾക്കും വേണ്ടിയുള്ളതാണ്. ജില്ലതിരിച്ചുള്ള പട്ടിക അനുബന്ധം - I ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്. |
| ബി) ഈ ഹോസ്റ്റലുകളിലേക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് ഈ ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നത്. അവർ പഠിക്കുന്ന സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭിക്കാത്തവർക്കും, ദിവസവും പോയി വരുന്നതിനുള്ള ദൂര പരിധിയിൽ വീടില്ലാത്തവർക്കുമാണ് പ്രവേശനം നൽകുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സീറ്റുകളിൽ 68% എസ്.സി, 17% എസ്.റ്റി, 5% ഒ.ബി.സി, 10% മറ്റുള്ളവർക്കുമായാണ് നീക്കിവച്ചിട്ടുള്ളത്. ഇവയിൽ 5% ഐ.റ്റി.സി, 5% പി.ഇ.റ്റി.സി വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി വരുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

(.........2)

| | |
|---|---|
| സി) എല്ലാ ജില്ലകളിലും ഇത്തരം ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടോ; | (സി) ഇല്ല. പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, വയനാട്, എന്നീ ജില്ലകളിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല. |
| ഡി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഇത്തരം ഹോസ്റ്റലുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഫണ്ടിന്റെ ലഭ്യതയും, വിദ്യാർത്ഥികളുടെ ലഭ്യതയ്ക്കും അനുസരിച്ച് പുതിയ ഹോസ്റ്റലുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം-I

| നം. | ഹോസ്റ്റലിന്റെ പേര് | ആൺ/ പെൺ | ജില്ല |
|---|---|---|---|
| | പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ | | |
| 1 | വെള്ളയമ്പലം -I | ആൺ | തിരുവനന്തപുരം |
| 2 | വെള്ളയമ്പലം -II | ആൺ | ,, |
| 3 | പലിയശാല | ആൺ | ,, |
| 4 | പൂച്ചെട്ടിവിള | പെൺ | ,, |
| 5. | അമൃതകുളം | പെൺ | കൊല്ലം |
| 6. | അമൃതകുളം | ആൺ | ,, |
| 7. | നാട്ടകം | പെൺ | കോട്ടയം |
| 8 | ചങ്ങനാശ്ശേരി | ആൺ | കോട്ടയം |
| 9 | കണയന്നൂർ | ആൺ | എറണാകുളം |
| 10. | കണയന്നൂർ | പെൺ | ,, |
| 11 | പാലക്കാട് | ആൺ | പാലക്കാട് |
| 12. | തിരുത്തിക്കാട് | ആൺ | കോഴിക്കോട് |
| 13 | ഈസ്റ്റ് ഹിൽ | പെൺ | ,, |
| 14 | കണ്ണൂർ | ആൺ | കണ്ണൂർ |
| 15 | വിദ്യാനഗർ | ആൺ | കാസർഗോഡ് |
| | പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | | |
| 1 | ആറ്റുകാൽ | ആൺ | തിരുവനന്തപുരം |
| 2 | മെഡിക്കൽകോളേജിനു സമീപം | ആൺ | കോഴിക്കോട് |
| 3 | നൂറണി | പെൺ | പാലക്കാട് |

അനുബന്ധം – II

കേരള സർക്കാർ

സംഗ്രഹം

പട്ടിക ജാതി വികസനം – പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടിക ജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) നം. 7/95/പജ.പവ.വിവ. തിരു: തീ: 2.2.95.

---

പരാമർശം : 1. സ.ഉ.(കൈ)നം.62/95/പജ.പവ.വിവ.തീ:21.10.85.
2. സ.ഉ.(കൈ)നം.64/86/പജ.പവ.വിവ.തീ:16.8.86.
3. സ.ഉ.(കൈ)നം.66/57/പജ.പവ.വിവ.തീ:11.12.87.
4. പട്ടിക ജാതി വികസന ഡയറക്ടറുടെ 28.2.94, 21.7.94 എന്നീ തീയതികളിലെ എച്ച്.ബി3.2829/94 നം. കത്തുകൾ.

ഉത്തരവ്

പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ മുകളിൽ നാലാമതു പരാമർശിച്ച പട്ടിക ജാതി വികസന ഡയറക്ടറുടെ കത്തിൽ സമർപ്പിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലെ ആകെ സീറ്റുകളിൽ 68 % പട്ടിക ജാതിക്കാർക്കും, 17 % പട്ടികവർഗ്ഗക്കാർക്കും, 5% ഒ.ഇ.സി.ക്കും 10 % മറ്റ് സമുദായക്കാർക്കുമായി നിജപ്പെടുത്തിയിരിക്കുന്നു.

II. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലേക്ക് അതാതു സ്ഥലങ്ങളിലുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിലെ ഒന്നോ അതിൽ കൂടുതലോ വർഷം ദൈർഘ്യമുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും, ഐ.എ.എസ്. (കോച്ചിംഗ് സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ചട്ടം ഒന്നു പ്രകാരം ഓരോ വിഭാഗത്തിനും നീക്കിവച്ചിട്ടുള്ള സീറ്റുകളുടെ 5% പ്രവേശനം നൽകാവുന്നതാണ്. എന്നാൽ ഏതെങ്കിലും വിഭാഗത്തിലുള്ള അപേക്ഷകർ ഇല്ലാതെ വന്നാൽ ആ സീറ്റുകൾ മറ്റ് വിഭാഗത്തിലുള്ളവർക്ക് നൽകേണ്ടതാണ്.

3. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാൻ പാടുള്ളൂ.

4. ജില്ലാ പട്ടിക ജാതി വികസന ഓഫീസർ, പട്ടിക വർഗ്ഗ വികസന വകുപ്പിലെ അതാതു സ്ഥലം അധികാര പരിധിയിലുള്ള പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവ. ഓഫീസർ അതാത് ഹോസ്റ്റലിലെ റസിഡന്റ് ട്യൂട്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയായിരിക്കും അന്തേവാസികളെ തെരഞ്ഞെടുക്കുക.

5. ഹോസ്റ്റൽ പ്രവേശനത്തിന് വേണ്ട എല്ലാ യോഗ്യതകളുമുള്ള ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കായിരിക്കും പ്രവേശനം നൽകുക. എന്നാൽ റാങ്ക് നിശ്ചയിക്കും പോൾ ഹോസ്റ്റലിൽ നിന്നും അകലെയുള്ള സ്ഥലങ്ങളിൽ നിന്നും മതിയായ വിദ്യാഭ്യാസ സൗകര്യമില്ലാത്ത പിന്നോക്കപ്രദേശങ്ങളിൽ നിന്നും (അതായതു ഇടുക്കി വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളില്ലാത്ത ജില്ലകളിൽ നിന്നും അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

6. ഓരോ വർഷവും ഹോസ്റ്റലിൽ ചേർന്ന് അപേക്ഷിക്കുന്നവർക്ക് എല്ലാ കോഴ്സുകൾക്കും ആനുപാതികമായി സീറ്റുകൾ ലഭിക്കത്തക്കവിധത്തിൽ ക്വോട്ട നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ചിട്ടുള്ള ക്വോട്ടയിൽ അപേക്ഷകരെ ലഭിക്കാത്തപക്ഷം ആ സീറ്റുകളിൽ മറ്റു കോഴ്സുകളിൽ ഉള്ളവർക്ക് പ്രവേശനം നൽകാവുന്നതാണ്.

7. ഓരോ വർഷവും മാർച്ച് മാസം 31-ാം തീയതി എല്ലാ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും അടയ്ക്കേണ്ടതാണ്. എന്നാൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 21.8.87 ലെ സ.ഉ.(സാധാ)259/87/ പജ.പവ.വിവ. ഉത്തരവ് പ്രകാരം എഴുത്ത് പരീക്ഷയുടെയും പ്രാക്ടിക്കൽ പരീക്ഷ ഉള്ള വിദ്യാർത്ഥികൾക്ക് പ്രാക്ടിക്കൽ പരീക്ഷയുടെയും അവസാന തീയതി കഴിഞ്ഞ് രണ്ട് ദിവസത്തേക്കുകൂടി ഹോസ്റ്റലിൽ താമസിക്കാം. എന്നാൽ

മാർച്ച് 31 ന് മുമ്പ് കോഴ്സ് തീരാത്ത വിദ്യാർത്ഥികൾക്ക് കോഴ്സ് തീരുന്നതുവരെ ഹോസ്റ്റലിൽ താമസിക്കാം.

8. ഹോസ്റ്റലിലെ അന്തേവാസം ഒരു കോഴ്സിനായിരിക്കും. എന്നാൽ അച്ചടക്കമില്ലായ്മ, സ്വഭാവദൂഷ്യം മുതലായവ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടികൾക്ക് പിന്നീടുള്ള വർഷങ്ങളിൽ പ്രവേശനം നൽകുന്നതല്ല.

9. തുടർച്ച കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ടാമതും പിന്നീടുള്ള അദ്ധ്യയനവർഷം പ്രവേശനം വേണമെങ്കിൽ മെയ് 15 ന് മുമ്പ് ജില്ലാ ഓഫീസർക്ക് പുതുതായി അപേക്ഷ നൽകേണ്ടതാണ്.

10. കുട്ടികളുടെ ഭാഗത്തുനിന്ന് സ്വഭാവദൂഷ്യമോ അച്ചടക്കമില്ലായ്മയോ ശ്രദ്ധയിൽപ്പെട്ടാൽ ഒരു കോഴ്സിന്റെ ഇടയ്ക്കുവെച്ചും വിദ്യാർത്ഥികളെ പുറത്താക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

11. ഓരോ വിദ്യാർത്ഥിയും പ്രവേശന ഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ ഡിപ്പാർട്ടുമെന്റ് നൽകുന്ന ഐഡന്റിറ്റി കാർഡിന്റെ മൂന്നു കോപ്പികളിൽ ഫോട്ടോ പതിച്ച് നൽകിയാൽ മാത്രമേ ഹോസ്റ്റലിൽ പ്രവേശനം നൽകുകയുള്ളൂ.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ടി. ജോസഫ്, അണ്ടർ സെക്രട്ടറി

മേലെഴുത്ത് നം. എസ്.ഡി.ബി3.2028/949 തീയതി

പകർപ്പ്: എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും - അറിവിനും വേണ്ട നടപടികൾക്കുമായി അയക്കുന്നു.
പകർപ്പ്: ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവർക്ക്.
പകർപ്പ്: എല്ലാ നിർവ്വഹണോദ്യോഗസ്ഥന്മാർക്കും, എല്ലാ വകുപ്പ് മേധാവികൾക്കും, കരുതൽ ഫയൽ, സ്പെയർ.

ഒപ്പ്.
പട്ടികജാതി വികസന ഡയറക്ടർക്കുവേണ്ടി.

//ശരിപകർപ്പ്//

കേരള സർക്കാർ

നം. 10433/എം1/99/പ.ജാ.വി.വ.
പട്ടികജാതി പട്ടികവർഗ്ഗവികസന (എം) വകുപ്പ്
തിരുവനന്തപുരം, തീയതി, 20.1.2000

സെക്രട്ടറി
14 ജില്ലകൾ)

സർ,

വിഷയം:- പട്ടികജാതി വികസനം - ഐ.ടി.സി കളിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തിൽ ഉൾപ്പെടുത്തുന്ന ബുദ്ധിമുട്ട് സംബന്ധിച്ച്.

സൂചന:- ഡയറക്ടറുടെ 18.10.99-ലെ ഇ.എസ്.സി2.25053/98 നമ്പർ കത്ത്.

ഹോസ്റ്റൽ സൗകര്യത്തിലെ നിലവിലുള്ള പരമാവധി കപ്പാസിറ്റി വിദ്യാർത്ഥികളുടെ എണ്ണം പരിഗണിച്ച് കൊണ്ട് ഐ.ടി.സി. വിദ്യാർത്ഥികൾക്ക് കൂടി പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകാമെന്ന് നിർദ്ദേശിച്ചു കൊള്ളുന്നു.

താങ്കളുടെ വിശ്വസ്തൻ,
എൻ. വിജയചന്ദ്രൻ
അണ്ടർ സെക്രട്ടറി.

പകർപ്പ്:- ഡയറക്ടർ, പട്ടികജാതി വികസനം, തിരുവനന്തപുരം.

മേലെഴുത്ത് നം. ഇ.എസ്.സി2.19842/96, തീയതി 21.2.2000

പകർപ്പ് ട്രെയിനിംഗ് സൂപ്രണ്ടുമാർക്കും, മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും അറിവിലേക്കായി അയക്കുന്നു.

പകർപ്പ്:- ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കോഴിക്കോട്
എസ്.സി. കരുതൽ ഫയൽ.

(ഒപ്പ്)
പട്ടികജാതി വികസന ഡയറക്ടർക്കു വേണ്ടി.

ആജ്ഞാനുസരണം

സൂപ്രണ്ട്.

എ.ആ.ബി2.6305/2000.

പട്ടികജാതി വികസന ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 20-6-2000.

സർക്കുലർ

വിഷയം - പട്ടികജാതി വികസനം - ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനം നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) സ.ക.നം. 10433/ഡി1/99/പ.ജ.പ.വ.വി. തീയതി 20-1-2000.

2) 16-3-2000-ലെ ബി4.7417/99 നമ്പരായ കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്ത്.

: : : :

സൂചന ഒന്നിലെ സർക്കാർ കത്തു പ്രകാരം വരുമാനപരിധിക്കു കീഴിലുള്ള ഐ.ടി.ഐ.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ അഡ്മിഷൻ നൽകുമ്പോൾ വരുമാനപരിധിക്കു കീഴിലുള്ള ഐ.ടി.ഐ.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി 5% സീറ്റ് മാറ്റിവെക്കേണ്ടതും മറ്റ് ജില്ലകളിൽനിന്നു വരുന്ന കുട്ടികൾക്ക് കൂടുതൽ മുൻഗണന നൽകേണ്ടതുമാണ്.

ഐ.ടി.ഐ.യിലേയ്ക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലും താഴ്ന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലും മുൻഗണന നൽകി അഡ്മിഷൻ നൽകേണ്ടതുമാണ്.

ഒപ്പ്
പട്ടികജാതി വികസന ഡയറക്ടർ

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും.
പകർപ്പ്:- ഡെപ്യൂ. ഡയറക്ടർ, ദക്ഷിണമേഖല/തെക്ക് കിഴക്ക് മേഖല/മദ്ധ്യമേഖല/ഉത്തര മേഖല.
എല്ലാ ഡെപ്യൂ. സൂപ്രണ്ടുമാർക്കും/ഡിവൈ. എ ആന്റ് സി സെക്ഷനുകൾക്കു/ഡയറക്ടർ/അഡീ. ഡയറക്ടർ എന്നിവരുടെ പി.എ.മാർക്കു/ജോയിന്റ് ഡയറക്ടർ I ആന്റ് II/ജോയിന്റ് ഡയറക്ടർ (ടെക്)/ഡെപ്യൂ. ഓഫീസർ/കരുതൽ ഫയൽ/സ്റ്റോക്ക് ഫയൽ.

പന്ത്രണ്ടാം കേരള നിയമസഭ--ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.291. 17.9.2007-ൽ മറുപടിയ്ക്ക്

മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി

ചോദ്യം

ശ്രീ.മൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ.ബി.രാഘവൻ :
ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.എ.എം.ആരിഫ് :
ശ്രീമതി.പി.അയിഷാപോറ്റി :

മറുപടി

ശ്രീ. എസ്.ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ;<br><br>(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വീടുകൾ നിർമ്മിച്ചു നൽകി ;<br><br>(സി) ഇനി എത്ര പേർക്കാണ് വീട് നിർമ്മിച്ചു നൽകാനുള്ളത് ; പ്രസ്തുത ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ; | (എ) യും (ബി) യും (സി) യും.<br><br>വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) കടൽക്ഷോഭംമൂലം നിരന്തരം നാശനഷ്ടമുണ്ടാകുന്ന പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പ്രദേശങ്ങളിൽ വീടു വച്ചു നൽകുന്ന പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | (ഡി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം 325.54 കോടി രൂപയാണ് ഈ ആവശ്യത്തിനായി ലഭ്യമായിട്ടുള്ളത്. ഇതിൽ 280 കോടി രൂപ കടൽക്ഷോഭം മൂലം നാശനഷ്ടമുണ്ടാകുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത പ്രദേശങ്ങളിൽ മാറ്റിപ്പാർപ്പിക്കുന്നതിനാണ്. പതിനായിരത്തോളം കുടുംബങ്ങളെയാണ് ഈ രീതിയിൽ മാറ്റിപാർപ്പിക്കുന്നത്. 2007-08, 2008-09 വർഷങ്ങളിലായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. സുനാമി ബാധിത പ്രദേശങ്ങളിൽ കൂടുതൽ വീടുകൾ നിർമ്മിച്ചുനൽകുന്നതിനും കടൽക്ഷോഭത്തിനു വിധേ |

| | |
|---|---|
| | യരായവർക്ക് വീടുകൾ വച്ചു നൽകുന്നതിനുമായി 45.54 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ സുതാര്യമായി തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 292 — 17.9.2007-ലെ മറുപടിക്ക്

**<u>പ്രീ-മെട്രിക് ഹോസ്റ്റലുകൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. എൻ. രാജൻ | ശ്രീ. എ. കെ. ബാലൻ<br>(പിന്നാക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്; അവയിൽ എത്രയെണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്; | (എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ 91 പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. ഇവയിൽ 46 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും വേണ്ടിയുള്ളതാണ്. അവയിൽ 60 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. ഹോസ്റ്റലുകളുടെ പട്ടിക അനുബന്ധം- I ആയി ചേർത്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 110 പ്രീമെട്രിക് ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗ മറ്റുള്ളവർക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള 10% സീറ്റിൽ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നുണ്ട്. |
| ബി) സ്വന്തം കെട്ടിടം ഇല്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 31 ഹോസ്റ്റലുകളാണുള്ളത്. ഇപ്പോൾ പ്രീമെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇവയിൽ സ്വന്തമായി ഭൂമി കണ്ടെത്തിയവർക്ക് ജില്ലാ പട്ടികജാതി വികസന ആഫീസർമാർ വഴി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വകുപ്പിൽ നിന്നും ഭരണാനുമതി നൽകി ധനസഹായം അനുവദിക്കുന്നു. ഭൂമി ലഭ്യമല്ലാത്തവയ്ക്ക് വേണ്ടി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |

(സി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്തവയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(സി) വാടകക്കെട്ടിടങ്ങളിലല്ലാതെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മിക്കവാറും ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കെട്ടിട ഉടമകൾ തയ്യാറാകാത്ത സ്ഥിതി വിശേഷവും ഉണ്ട്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എത്രയും വേഗം സ്വന്തം കെട്ടിടം ഉണ്ടാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റലുകൾക്ക് ആവശ്യമായ പാത്രങ്ങൾ ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,38,12,057/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 98,70,833/- രൂപയുടെ പുതിയ പദ്ധതികൾകൂടി പരിഗണനയിൽ ഉണ്ട്. ലിസ്റ്റ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.

[illegible] I

# LIST OF PRE MATRIC HOSTEL

| Sl No. | District | | Prematric Hostel Name | Boys/ Girls | Panchayath/ Municipality/ Corporation | Rent/ Own | Sanction-ed Strength |
|---|---|---|---|---|---|---|---|
| 1. | Thiruvananthapuram | | | | | | |
| | | 1 | Aruvikkara | Boys | Aruvikkara | Own | 30 |
| | | 2 | Venjaramood | ” | Vamanapuram | Own | 30 |
| | | 3 | Venganur | Girls | Athiyannur Block Panchayath | Rent | 30 |
| | | 4 | Neyyatinkara | ” | Neyyatinkara | Rent | 30 |
| | | 5 | Nedumangadu | ” | Nedumangadu Municipality | Own | 30 |
| | | 6 | Kilimanoor | ” | Kilimanoor | Own | 30 |
| 2. | Kollam | | | | | | |
| | | 7 | Kunnathur | Girls | Kunnathur | Own | 30 |
| | | 8 | Poruvazhy | ” | Poruvazhy | ” | 30 |
| | | 9 | Punalur | ” | Punalur | ” | 40 |
| | | 10 | Ochira | Boys | Ochira Block Panchayath | ” | 30 |
| | | 11 | Sasthamkotta | ” | Sasthamkotta Block Panchayath | ” | 40 |
| | | 12 | Ezhukone | ” | Ezhukon | ” | 30 |
| | | 13 | Puthur | ” | Velikavala | ” | 40 |
| | | 14 | Chathannuur | ” | Chathoor | Rent | 30 |
| | Pathanamthitta | | | | | | |
| 3. | | 15 | Pathanamthitta | Boys | Pathanamthitta | Own | 30 |
| | | 16 | Ranni | ” | Ranni | Rent | 30 |
| | | 17 | Adoor | ” | Adoor | Own Adoor Municipality Building | 30 |
| | | 18 | Pandalam | Girls | Pandalam | Rent | 30 |
| | | 19 | Thiruvalla | ” | Thiruvalla | Own Thiruvalla Municipality Building | 30 |
| | | 20 | Mallappalli | ” | Mallappalli | Own | 30 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Kottayam | | | | | | |
| 4. | | 21 | Pala | Girls | | Own | 30 |
| | | 22 | Kurichi | ” | | ” | 30 |
| | | 23 | Vaikam | ” | | ” | 30 |
| | | 24 | Karikkattur | Boys | | Rent | 30 |
| | | | | | | | |
| | Alappuzha | | | | | | |
| 5. | | 25 | Kalavoor | Girls | Alappuzha | Own | 30 |
| | | 26 | Ambalapuzha | ” | Punnapra | Rent | 30 |
| | | 27 | Bharanikkavu | ” | Chunakkara | Own | 30 |
| | | 28 | Puliyoor | ” | Puliyoor | Rent | 30 |
| | Ernakulam | | | | | | |
| 6. | | 29 | Paravoor | Girls | Paravoor | Own | 30 |
| | | 30 | Moovattup-uzha | ” | Moovattu puzha | Own | 30 |
| | | 31 | Perumbavoor | ” | Perumbavoor | Munici pality Buildin g No Rent | 30 |
| | | 32 | Muthakunnam | Boys | Muthakunnam | Rent | 30 |
| | | 33 | Neeliswaram | ” | Malayatoor | Own | 30 |
| | Idukki | | | | | | |
| 7. | | 34 | Kuvappalli | Boys | Kudayathur | Own | 30 |
| | | 35 | Peerumedu | ” | Peerumedu | ” | 30 |
| | | 36 | Karimannur | Girls | Karimannur | ” | 30 |
| | | 37 | Kattappana | ” | Kanjiyar | ” | 30 |
| | | 38 | Munnar | ” | Munnar | ” | 65 |
| | Thrissur | | | | | | |
| 8. | | 39 | Chelakkara | Girls | Pazhayannur | Own | 30 |
| | | 40 | Cheruthuruthi | ” | Pazhayannur | ” | 30 |
| | | 41 | Erumappetti | Boys | Vadakkanchery | ” | 30 |
| | | 42 | Engadiyoor | ” | Thalikkalam | ” | 30 |
| | | 43 | Nandikkara | ” | Iringalakkuda | ” | 30 |
| | Palakkad | | | | | | |
| 9. | | 44 | Nagaripuram | Girls | Mannur | Rent | 30 |
| | | 45 | Alathoor | ” | Alathur | Own | 30 |
| | | 46 | Shornur | ” | Shornur | ” | 40 |
| | | 47 | Alanellur | ” | Alanellur | Rent | 30 |
| | | 48 | Kozhinjampara | ” | Chittoor | Own | 30 |
| | | 49 | Mangara | Boys | Mankara | Rent | 30 |
| | | 50 | Vadakkan chery | ” | Kannipra | Own | 50 |
| | | 51 | Kottay | ” | Kuzhalmannam | ” | 40 |
| | | 52 | Puthunagaram | ” | Puthunagaram | Rent | 30 |
| | | 53 | Kollamkode | ” | Kollamkod | ” | 30 |
| | | 54 | Pottassery | ” | Mannarkkad | Own | 30 |
| | | 55 | Alanallur | ” | Alanellur | Rent | 30 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 56 | Agalli | " | Agalli | Own | 30 |
| | | 57 | Kumaranellur | " | Thrithala | Own | 40 |
| | | 58 | Pattambi | " | Pattambi | " | 30 |
| | | 59 | Thottakkara | " | Ottappalam Municipality | Rent | 30 |
| | Kozhikkode | | | | | | |
| 10. | | 60 | Chelannur | Girls | Chelannur | Rent | 30 |
| | | 61 | Elathur | " | Chelannur | Own | 30 |
| | | 62 | Azhiyoor | " | Azhiyoor | " | 30 |
| | | 63 | Naduvannur | Boys | Naduvannur | " | 30 |
| | | 64 | Azhiyoor | " | Azhiyoor | " | 30 |
| | | 65 | Mavur | " | Kundamangalam | " | 30 |
| | | 66 | Iringallur | " | Kozhikkode | " | 30 |
| | Malappuram | | | | | | |
| 11. | | 67 | Manjeri | Girls | Manjeri | Rent | 30 |
| | | 68 | Vandoor | " | Wandoor | Own | 30 |
| | | 69 | Mukkuthala | " | Peruppappu | " | 30 |
| | | 70 | Thiruvali | Boys | Vandoor | Rent | 30 |
| | | 71 | Chelari | " | Thirurangadi | Own | 30 |
| | | 72 | Kondipparamb | " | Perunthalmanna | Rent | 30 |
| | | 73 | Thrikkalangod | " | Wandoor | " | 30 |
| | | 75 | Edappali | " | Ponnani | " | 30 |
| | Wayanad | | | | | | |
| 12. | | 76 | Vythiri | Boys | Vythiri Panchayath | Own | 30 |
| | Kannur | | | | | | |
| 13. | | 77 | Azhikkod | Girls | Azhikkod | Own | 30 |
| | | 78 | Thalipparamb | " | Thalipparamb | Rent | 30 |
| | | 79 | Thalassery | " | Thalassery | " | 30 |
| | | 80 | Thalipparamb | Boys | Thalipparamb | " | 30 |
| | | 81 | Pazhayangadi | " | Ezham Panchayth | " | 30 |
| | | 82 | Mayil | " | Mayil | " | 30 |
| | | 83 | Sreekandapuram | " | Sreekandapuram | " | 30 |
| | | 84 | Kathiroor | " | Kathiroor | " | 30 |
| | Kasaragod | | | | | | |
| 14. | | 85 | Bediyadukka | Boys | Bediyadukka | Own | 50 |
| | | 86 | Karadukka | " | Karadukka | " | 30 |
| | | 87 | Vidya Nagar | " | Kasargod | " | 30 |
| | | 88 | Poodamkallu | " | Kallar | " | 40 |
| | | 89 | Bengalam | " | Madikai | " | 30 |
| | | 90 | Kanjangad | Girls | Kanjangad | " | 30 |
| | | 91 | Delampady | boys | Delampady | rented | 30 |

അനുബന്ധം - II

# ACA FUND 2006 -2007

| Sl No. | Name of work/purchase | Project Cost(Rs) |
|---|---|---|
| 1 | Quarters for warden in **Pre-matric Hostel at Moovattupuzha in Ernakulam District.** G.O. (Rt) No.102/07/SCSTDD.dated: 20-1-07. | 5,60,000/- |
| 2 | Construction of first floor of **Pre-metric Hostel in Neel eeswaram in Ernakulam District.** G.O. (Rt) No.283/07/SCSTDD.dated: 6-3-07. | 20,00,000/- |
| 3 | Construction of Ferro cement tank in **Pre-matic hostels at Karadukka, Badiyadukka and Chemmattamvayal in Kasargod District.** G.O. (Rt) No.1010/06/SCSTDD.dated: 2-12-06. | 45,000/- |
| 4 | Project for purchasing kitchen vessels for **Delampady Prematric Hostel in Kasargod District.** G.O. (Rt) No.85 /07/SCSTDD.dated: 20/01/2007. | 6,46,720/- |
| 5 | Project for special repairs of Bengalum **Pre-matric Hostel at Madikai Grama Panchayath in Kasargod District.** G.O. (Rt) No.1015/06/SCSTDD.dated: 2-12-06. | 5,70,000/- |
| 6 | Project for purchasing kitchen vessels for Karadukka **Prematric Hostel in Kasargod District.** G.O.(Rt) No.1016/06/SCSTDD dated : 2.12.06 | 13,000/- |
| 7. | Project for purchasing kitchen vessels for **Prematric Hostel for Girls in Kasargod District.** G.O.(Rt) No.1017/06/SCSTDD dated: 2.12.06 | 7,500/- |
| 8. | Project for Special repair to Poodamkallu **Prematric Hostel at Kallar Grama Panchayath in Kasargod District.** G.O.(Rt) No.1018/06/SCSTDD dated: 2.12.06 | 9,50,000/- |
| 9. | Project for purchasing bed sheet, pillow, pillow cover etc, for Kanhangad, Bengalum, Poodamkallu **Prematric Hostel at Kanhangad Municipality in Kasargod District.** G.O.(Rt) No.1020/06/SCSTDD dated: 2.12.06 | 42,085/- |
| 10. | Project for purchasing kitchen vessels and other instruments for **Prematric Hostel for Girls, Chemmattamvayal at Kanhangad Municipality in Kasargod District.** G.O.(Rt) No.1023/06/SCSTDD dated: 2.12.06 | 32,250/- |

| | | |
|---|---|---|
| 11. | Construction of Quarters for Watchman and Warden at **Prematric Hostel, Badiyadukka in Kasargod District**<br>G.O.(Rt) No.98/07/SCSTDD dated: 20.1.07 | 7,55,000/- |
| 12. | Construction of Duplex Quarters for Warden and Watchman in **Prematric Hostel Karadukka in Kasargod District.**<br>G.O.(Rt) No.99/07/SCSTDD dated: 20.1.07 | 7,05,000/- |
| 13. | Construction of Duplex Quarters for Cooks, Warden, Watchman, additional bathroo, latrines and paving tiles to **Prematric Hostel for Girls, Chelakkara in Thrissur District.**<br>G.O.(Rt) No999/06/SCSTDD dated: 2.12.06 | 10,00,000/- |
| 14. | Construction of Quarters, Kitchen Block and compound wall for **Prematric Hostel, Nandikkara in Thrissur District.**<br>G.O.(Rt) No. 1000/06/SCSTDD dated: 2.12.06 | 7,00,000/- |
| 15. | Purchase of bed and pillow to<br>**Prematric Hostel, Engandiyoor in Thrissur District.**<br>G.O.(Rt) No.1001/06/SCSTDD dated: 2.12.06 | 63,180/- |
| 16. | Construction of toilet and computer room at Prematric room at **Prematric Hostel, Engandiyoor in Thrissur District.**<br>G.O.(Rt) No.1002/06/SCSTDD dated: 2.12.06 | 5,00,000/- |
| 17. | Re-wiring (Re-electrification) of **Prematric Hostel, Engadiyoor in Thrissur district.**<br>G.O.(Rt) No. 1009/06/SCSTDD dated: 2.12.06 | 1,68,000/- |
| 18. | Special repairs to **Prematric Hostel in Erumappetty in Thrissur District.**<br>G.O.(Rt) No.616/06/SCSTDD dated: 19.8.06 | 2,85,000/- |
| 19. | Extension of toilet at **Prematric Hostel, Chelakkara in Thrissur District.**<br>G.O.(Rt) No.616/06/SCSTDD dated: 19.8.06 | 1,85,000/- |
| 20. | Providing water supply to **Prematric Hostel, Cheruthuruthi in Thrissur District.**<br>G.O.(Rt) No. 616/06/SCSTDD dated: 19.8.06 | 1,32,000/- |
| 21. | Purchase of woolen blanket, bed sheet and kitchen utensils for **Prematric hostel, Munnar in Idukki District**<br>G.O.(Rt) No.1006/06/SCSTDD dated: 2.12.06 | 29,720/- |

| | | |
|---|---|---|
| 22. | Construction of Quarters for Watchman for **Prematric Hostel at Karimannur in Idukki District.** G.O.(Rt) No. 1012/06/SCSTDD dated: 2.12.06 | 2,60,000/- |
| 23 | Construction of Sanitary Complex **Pre-matric Hostel Ezhukone in Kollam District.** G.O. (Rt) No. 996/ 06 SCSTDD dated: 2.12.06 | 1,50,000/- |
| 24 | Construction of Compound Wall at **Pre-matric Hostel, Ezhukone in Kollam District.** G.O. (Rt) No. 997 / 06 SCSTDD dated: 2.12.06 | 1,00,000/- |
| 25 | Flooring works and paving ceramic tiles to **Pre-matric Hostel, Ezhukone in Kollam District.** G.O. (Rt) No. 998 / 06 SCSTDD dated: 2.12.06 | 2,60,000/- |
| 26 | Renovation of quarters of **Pre-matric hostel for Boys, Puthoor in Kollam District.** G.O. (Rt) No. 1003 / 06 SCSTDD dated: 2.12.06 | 3,25,000/- |
| 27 | Flooring of **Pre-matric hostel Puthoor in Kollam District.** G.O. (Rt) No. 1004 / 06 SCSTDD dated: 2.12.06. | 2,75,000/- |
| 28 | Wiring work for Staff Quarters and Watcher room of **Prematric hostel, Kunnathoor in Kollam District.** G.O. (Rt) No. 1007/ 06 SCSTDD dated: 2.12.06 | 37,088/- |
| 29 | Writing for Quarters of **Prematric hostel, Poruvazhy in Kollam District.** G.O. (Rt) No. 1008 / 06 SCSTDD dated: 2.12.06. | 16,275/- |
| 30. | Project for rain water harvesting works for Azhiyoor **Prematric Hostel (Boys & Girls) in Kozhikkod District.** G.O. (Rt) No. 1011/ 06/ SCSTDD dated: 2.12.06. | 21,300/- |
| 31. | Construction of Ferro-cement tank (12000 litres), at **Prematric Hostel, Irringalloor in Kozhikkode District** G.O. (Rt) No. 1013 / 06/ SCSTDD dated: 2.12.06. | 50,000/- |
| 32. | Project for purchasing of cost for **Prematric hostel at Azhiyoor in Kozhikkode District.** G.O. (Rt) No. 1021 / 06/SCSTDD dated: 2.12.06. | 88,704/- |
| 33. | Project for the rewiring and improvement of **Prematric Hostels, Azhiyoor at Vadakara Block in Kozhikkode District.** G.O. (Rt) No. 1026 / 06/SCSTDD dated: 2.12.06. | 2,37,000/- |

| | | |
|---|---|---|
| 34. | Construction of Quarters for Warden in **Prematric Hostel for Girls in Wandoor in Malappuram District.**<br>G.O. (Rt) No. 100 / 07/ SCSTDD dated: 20.1.07. | 4,35,000/- |
| 35. | Purchase of furniture and Crockery items in the **Prematric Hostel, Kilimanoor in Thiruvananthapuram District.**<br>G.O. (Rt) No. 268 / 07/ SCSTDD dated: 6.3.07 | 5,93,500/- |
| 36. | Construction of Compound Wall, Well and plumbing works in **Prematric Hostel at Venganoor in Thiruvananthapuram District.**<br>G.O. (Rt) No. 286 / 07/SCSTDD dated: 6.3.07 | 8,64,000/- |
| 37. | Supplying furniture and crockery items in the **Prematric hostel at Nedumangadu**<br>G.O. (Rt) No. 287 / 07/ SCSTDD dated: 6.3.07 | 25,735/- |
| 38. | Supplying furniture and crockery items in the **Prematric hostel in Kannur District.**<br>G.O. (Rt) No.284 / 07/ SCSTDD dated: 6.3.07 | 1,47,000/- |
| 39. | Purchasing of Furniture, Black Board, Bed, Sweater etc. to **Prematric Hostel, Vythiri – Wayanad District.**<br>G.O. (Rt) No. 285 / 07/SCSTDD dated: 6.3.07 | 81,000/- |
| 40. | Purchase of furniture in **Prematric Hostels Thrithala and Kumaranelloor in Palakkad District**<br>G.O. (Rt) No. 288 / 07/ SCSTDD dated: 6.3.07 | 4,56,000/- |
| | | **1,38,12,057** |

**2007-08 വർഷം വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച പ്രീ മെട്രിക് ഹോസ്റ്റലിന്റെ പ്രോജക്ടുകളുടെ വിവരം**

1) പ്രീ മെട്രിക് ഹോസ്റ്റൽ ചെറുവിക്കര സെക്ഷനുകളിൽ നിർമ്മാണം ** 7,50,000/-

2) പ്രീ മെട്രിക് ഹോസ്റ്റൽ -ചെറുവിക്കര ഫർണിച്ചർ, അടുക്കള ഉപകരണങ്ങൾ വാങ്ങുന്നതിന്. ** 1,96,249/-

3) പ്രീ മെട്രിക് ഹോസ്റ്റൽ-ഒഴിക്കൂർ (കോഴിക്കോട്) സ്പെഷ്യൽ റിപ്പയറിംഗ് ** 9,25,000/-

4) പ്രീ മെട്രിക് ഹോസ്റ്റൽ ഒഴിക്കൂർ വാർഡൻ ക്വാർട്ടേഴ്സ്-വാട്ടർടാങ്ക് നിർമ്മാണം. ** 14,19,000/-

5) പ്രീ മെട്രിക് ഹോസ്റ്റൽ ഒഴിക്കൂർ (റീ. ഇലക്ട്രിഫിക്കേഷൻ, ** 24,00,000/-

6) പ്രീ മെട്രിക് ഹോസ്റ്റൽ കൂവപ്പിള്ളി (ഇടുക്കി) കുഴൽകിണർ നിർമ്മാണം ** 27,900/-

7) പ്രീ മെട്രിക് ഹോസ്റ്റൽ പറവൂർ (എറണാകുളം)-ബെഡ്, തലയണ, കമ്പ്യൂട്ടർ പ്രിന്റർ, അടുക്കള ഉപകരണങ്ങൾ വാങ്ങുന്നതിന്. ** 36,700/-

8) പ്രീ മെട്രിക് ഹോസ്റ്റൽ നെയ്യാറ്റിൻകര (തിരുവനന്തപുരം), ബെഡ്, ബെഡ്ഷീറ്റ് തലയണ, തലയണകവർ തുടങ്ങിയ വാങ്ങു-ന്നതിന്. ** 1,07,972/-

9) പ്രീ മെട്രിക് ഹോസ്റ്റൽ നെയ്യാറ്റിൻകര (തിരുവനന്തപുരം) ഫർണിച്ചർ വാങ്ങു-ന്നതിന്. ** 1,91,976/-

10) പ്രീ മെട്രിക് ഹോസ്റ്റൽ വെങ്ങാനൂർ (തിരുവനന്തപുരം). എം.പി.ജി. പൈപ്പ്‌ലൈൻ വർക്ക് ** 48,165/-

| | | |
|---|---|---|
| 11) | പ്രീ മെട്രിക് ഹോസ്റ്റൽ വെങ്ങൂർ പായ്, തലയണ, കട്ടിൽ ഉപകരണങ്ങൾ വാങ്ങുന്നതിന്. | ** 1,46,132/- |
| 12) | പ്രീ മെട്രിക് ഹോസ്റ്റൽ വെങ്ങാനൂർ (തിരുവനന്തപുരം) ഫർണിച്ചർ വാങ്ങുന്നതിന് | ** 3,77,224/- |
| 13) | നെയ്യാറ്റിൻകരയിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനായി. | ** 30,00,000/- |
| 14) | മൂവാറ്റുപുഴ പ്രീ മെട്രിക് ഹോസ്റ്റൽ ഫർണിച്ചർ വാങ്ങുന്നതിന് | ** 7,515/- |
| | | 96,70,833. |

(signature)
S.O

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 293 17-09-2007 ലെ മറുപടിക്ക്

**<u>രാജീവ് ഗാന്ധി വിദ്യുത് യോജന</u>**

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. മഞ്ഞളാംകുഴി അലി

(എ) രാജീവ് ഗാന്ധി വിദ്യുത് യോജനയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; പദ്ധതിക്ക് ഈ വർഷത്തേയ്ക്ക് എന്തു തുകയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം ജില്ല കളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ;

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

(എ) & (ബി) രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുതീകരണ യോജന (ആർ.ജി.ജി.വി.വൈ) കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി, എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (ആർ.ഇ.സി) നിന്നും ഇതിനാവശ്യമായ അനുമതി ലഭിച്ചു കഴിഞ്ഞു. ബാക്കി ഏഴു ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തത്വത്തിലുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

പദ്ധതി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള ചുമതല ഹൈദരാബാദിലെ ഐ.സി.എസ്.എ(ഇന്ത്യാ) ലിമിറ്റഡിനെ ഏൽപ്പിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി ആദ്യ ഗഡുവായ 5.02 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും, ആർ.ഇ.സി. വഴി ബോർഡിന് 21-03-2007 ൽ ലഭിച്ചു . പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഐ.സി.എസ്.എ (ഇന്ത്യാ) ലിമിറ്റഡ് ആരംഭിച്ചു കഴിഞ്ഞു.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള ചുമതല കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമൽ പവർ

കോർപ്പറേഷനെ (എൻ.റ്റി.പി.സി) ഏൽപ്പിച്ചു. എൻ.റ്റി.പി.സി. അനുമതി ലഭിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി ആർ.ഇ.സി.ക്ക് സമർപ്പിച്ച് അനുമതി വാങ്ങിയതിനുശേഷം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കും. ബാക്കി ഏഴു ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ നടന്നു വരുന്നു.

(സി) പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയും ;

(സി) ആർ.ഇ.സിയിൽ നിന്നും ആദ്യഗഡു ലഭിച്ച നാൾ മുതൽ രണ്ടു വർഷക്കാലം കൊണ്ട് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ പദ്ധതി 21-03-2009 ന് പൂർത്തീകരിക്കണം. ബാക്കി ജില്ലകളിലെ പദ്ധതികൾ ഒന്നാം ഗഡു ലഭിക്കുന്ന തിയതി മുതൽ രണ്ടു വർഷക്കാലം കൊണ്ട് പൂർത്തീകരിക്കുന്നതാണ്.

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

(ഡി) ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ കേരളത്തിൽ ഏകദേശം നാലര ലക്ഷത്തോളം ഭവനങ്ങളിലേക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .294 — 17/9/2007-ൽ മറുപടിക്ക്

പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ :<br>പ്രൊഫ.സി.രവീന്ദ്രനാഥ് :<br>ശ്രീ.എം.ഹംസ:<br>ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.രാജു എബ്രഹാം. | | **ശ്രീ. എ.കെ.ബാലൻ**<br>ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. | |
| (എ) | പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കളെ ഏല്പിക്കുന്നതിനു പകരം സർക്കാർ ഏജൻസികളെ ഏല്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഒരു വീടിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) | മുൻവർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വന്ന ടി പദ്ധതി വിലയിരുത്തിയപ്പോൾ പദ്ധതിയുടെ നടത്തിപ്പ് ക്രമാനുഗതമായിരുന്നില്ലായെന്നും പലപ്പോഴും പദ്ധതി ലക്ഷ്യം നേടാനായില്ല എന്നും കണ്ടതിനാലാണ് മറ്റു ഏജൻസികളെ നിർമ്മാണ ചുമതല ഏല്പിക്കുവാൻ തീരുമാനിച്ചത്. ഒരു വീടിന് 70,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | ഈ വർഷം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചു നല്കുമെന്ന് അറിയിക്കുമോ; | (സി) | പട്ടിക ജാതി വിഭാഗങ്ങൾക്ക് 7,500/- വീടുകളും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 228 പുതിയ വീടുകളും നിർമ്മിച്ചു നല്കുന്നതാണ്. |
| (ഡി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഏത് വകുപ്പിനാണെന്ന് അറിയിക്കുമോ? | (ഡി) | 2007-08 വർഷം ഗ്രാമസഭകൾ പട്ടികജാതി ഗുണഭോക്താക്കളേയും ഊരു കൂട്ടങ്ങൾ വഴി പട്ടികവർഗ്ഗ ഗുണഭോക്താക്കളേയും തെരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 295

17. 9. 2007-ൽ മറുപടിയ്ക്ക്

മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.കെ.പുരുഷോത്തമൻ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ആവിഷ്കരിച്ചിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മരണത്തിനും കാണാതാവുന്നവരുടെ ആശ്രിതർക്കും, സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 1 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും ധനസഹായം നൽകിവരുന്നു. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. 1 വർഷമാണ് ഇൻഷ്വറൻസ് കാലാവധി. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളിൽ നിന്നും ഇതിനായി പ്രീമിയം ഒന്നും ഈടാക്കുന്നില്ല. വർഷം തോറും പുതുക്കുന്നതോടൊപ്പം പുതുതായി മത്സ്യബോർഡിൽ അംഗത്വമെടുക്കുന്നവരെയും ഈ പദ്ധതിയിൽ ചേർക്കുന്നുണ്ട്. |
| ബി) ഈ പദ്ധതി പ്രകാരം എത്ര പേരെയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത് ; ഇൻഷ്വറൻസ് പ്രീമിയത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) മത്സ്യബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 232388 മത്സ്യത്തൊഴിലാളികളെയും 50775 അനുബന്ധ തൊഴിലാളികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക ഫിഷറീസ് വകുപ്പ് മുഖേനയാണ് മത്സ്യബോർഡിന് നൽകുന്നത്. കേന്ദ്രസർക്കാർ വിഹിതം റീഇംപേഴ്സ്മെന്റ് വ്യവസ്ഥയിൽ സംസ്ഥാന സർക്കാരിനാണ് നൽകുന്നത്. |
| സി)മത്സ്യബന്ധനത്തിനിടെ കടൽ ക്ഷോഭത്തിൽപെട്ട് വള്ളവും വലയും മറ്റു തൊഴിലുപകരണങ്ങളും നഷ്ട പ്പെടുന്നതുമൂലമുള്ള നഷ്ടങ്ങളും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടു ത്തുവാൻ നടപടി സ്വീകരിക്കുമോ ? | സി) മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിൽപെട്ട് വള്ളവും വലയും മറ്റു തൊഴിലുപകരണങ്ങളും നഷ്ടപ്പെടുന്നതു മൂലമുള്ള നഷ്ടങ്ങളും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി ' മത്സ്യസുരക്ഷ ' എന്ന പേരിൽ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമുള്ള ചോദ്യം നമ്പർ.296

17.9.2007 ൽ മറുപടിയ്ക്ക്

<u>ക്ഷാമബത്ത കുടിശ്ശിക</u>

| വാങ്മൂലം മറുപടി നൽകേണ്ട ചോദ്യം: 296 | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുധാകരൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി |
| (എ) 2007 ജൂലായ് 1 മുതൽ കേന്ദ്ര ജീവനക്കാർക്ക് ക്ഷാമബത്ത വർദ്ധിപ്പിച്ചു നൽകുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള ഓഫീസ് മെമ്മോറാണ്ടം ലഭിച്ചിട്ടില്ല. |
| (ബി) ഇപ്പോൾ സംസ്ഥാന ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ. കൊടുക്കുന്നുണ്ട്; കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച എത്ര ഗഡു ഡി.എ. സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശികയുണ്ട്; | G.O.(P)No.120/07/Fin. Dated 20.3.07 പ്രകാരം സംസ്ഥാന ജീവനക്കാർക്ക് 1.1.05, 1.7.05, 1.1.06, 1.7.06 മുതലുള്ള 4 ഗഡു ഡി.എ. (15% ഡി.എ.) അനുവദിച്ചിട്ടുണ്ട്. 1.1.05 മുതലുള്ള 3% ഡി.എ. മാർച്ച് 2007 ലെ ശമ്പളത്തോടൊപ്പവും 1.7.05 ലെ 4% ഡി.എ. സെപ്തംബർ 2007 ലെ ശമ്പളത്തോടൊപ്പവും 1.1.06 ലെ 3% ഡി.എ. യും 1.7.06 ലെ 5% ഡി.എ. യും ഫെബ്രുവരി 2008 ലെ ശമ്പളത്തോടൊപ്പവും നൽകുവാൻ ഉത്തരവായിട്ടുണ്ട്. മൊത്തം 20% ഡി.എ. ജീവനക്കാർക്കുത്തരവായിട്ടുണ്ട്. എന്നാൽ 1.1.07 മുതൽ കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച 6% ഡി.ആർ സംസ്ഥാന പെൻഷൻകാർക്കും, 1.1.07 നോ അതിനു ശേഷമോ റിട്ടയർ ചെയ്തതോ/റിട്ടയർ ചെയ്യുന്നതോ ആയ സംസ്ഥാന ജീവനക്കാർക്ക് G.O.(P)No.236/07/Fin. Dated 12.6.07 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇത് ഇനിയും സർവ്വീസിലുള്ള ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവായിട്ടില്ല. |

| | |
|---|---|
| (സി) കുടിശ്ശിക ഡി.എ. ഗഡു എന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | 1.1.07 മുതൽ കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച 6% ഡി.എ., G.O.(P)No.236/07/Fin. Dated 12.6.07 പ്രകാരം സംസ്ഥാന പെൻഷൻകാർക്കും 1.1.07 നോ അതിനു ശേഷമോ റിട്ടയർ ചെയ്തതോ / റിട്ടയർ ചെയ്യുന്നതോ ആയ സർക്കാർ ജീവനക്കാർക്കും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക നില മെച്ചമാകുന്ന മുറയ്ക്ക് സംസ്ഥാന ജീവനക്കാർക്ക് 1.1.07 മുതലുള്ള 6% ഡി.എ.യും 1.7.07 മുതലുള്ള 6% ഡി.എ. യും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 297 — 17.09.07ൽ മറുപടിയ്ക്ക്

## കമ്മ്യൂണിറ്റി റിസർവ്വുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. വി. സുരേന്ദ്രൻ പിള്ള | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിൽ കമ്മ്യൂണിറ്റി റിസർവ്വുകൾ സ്ഥാപിക്കുവാൻ ഏതെങ്കിലും പഠനങ്ങൾ ശുപാർശ ചെയ്തിരുന്നോ ; | (എ) | ശുപാർശ ചെയ്തിരുന്നു. |
| (ബി) | ഈ പഠനങ്ങളുടെ വിശദാംശം നൽകുമോ ; | (ബി) | ലോകബാങ്ക് സഹായത്തോടെ സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കിയ കേരള ഫോറസ്റ്റ് പ്രോജക്ടിന്റെ ഭാഗമായി പോണ്ടിച്ചേരിയിലെ ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഗവേഷണ സ്ഥാപനത്തിന് നൽകിയ കൺസൾട്ടൻസി പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിൽ ഏതാനും കമ്മ്യൂണിറ്റി റിസർവ്വുകൾ രൂപീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി റിസർവ്വുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (സി) | ഇതിന്റെ അടിസ്ഥാനത്തിൽ കടലുണ്ടി അഴിമുഖവും, ചേർന്നുള്ള പ്രദേശവും ഉൾപ്പെടുന്ന ഏകദേശം 150 ഹെക്ടർ പ്രദേശം കമ്മ്യൂണിറ്റി റിസർവ്വായി പ്രഖ്യാപിക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കുമോ ; | (ഡി) | കേരളത്തിൽ വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയും പാരിസ്ഥിതിക ശോഷണവും മൂലം വനാതിർത്തിക്കു പുറത്തുള്ള ആവാസവ്യവസ്ഥകളും അതിലെ ജൈവ വൈവിധ്യവും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. അത്തരം പാരിസ്ഥിതികവും ജൈവപരവുമായി പ്രാധാന്യമുള്ള പ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് കമ്മ്യൂണിറ്റി റിസർവ്വിന്റെ രൂപീകരണം സഹായ |

കരമാകും. കമ്മ്യൂണിറ്റി റിസർവ്വായി പ്രഖ്യാപിക്കുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തിലെ അഞ്ച് പ്രതിനിധികളും വനം വകുപ്പിന്റെ ഒരു പ്രതിനിധിയുമടങ്ങുന്ന ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ആയിരിക്കും കമ്മ്യൂണിറ്റി റിസർവ്വിന്റെ തുടർന്നുള്ള പരിപാലനം. കമ്മ്യൂണിറ്റി റിസർവ്വാക്കുന്നതു വഴി ജനങ്ങൾ ആ പ്രദേശത്ത് തുടർന്നു വന്നിരുന്ന പ്രവർത്തനങ്ങൾക്ക് ഭംഗം വരുന്നില്ല എന്നു മാത്രമല്ല കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിസ്ഥിതിക്ക് അനുയോജ്യമായ വികസന പ്രവർത്തനങ്ങളും ടൂറിസവും നടപ്പിലാക്കുന്നതിനും ജനങ്ങളുടെ ജീവിതാഭിവൃദ്ധിക്ക് അനുയോജ്യമായ പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിനും സാധിക്കുന്നു.

(ഇ) കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ഇ) അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുന്നോട്ടു വരുന്ന പക്ഷം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 298

17. 9. 2007-ൽ മറുപടിയ്ക്ക്

## അക്വാ ടെക്നോളജി പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സാജു പോൾ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) അലങ്കാര മത്സ്യങ്ങളുടെ കയറ്റുമതി ലക്ഷ്യമിട്ട് ആരംഭിക്കുവാനുദ്ദേശിക്കുന്ന അക്വാ ടെക്നോളജി പാർക്കിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും ; | എ) അക്വാ ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനം KITCO എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ പ്രവർത്തനത്തിനായി കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) ഉദ്ദേശിക്കുന്നുണ്ട്. അക്വാ ടെക്നോളജി പാർക്കിന്റെ പ്രവർത്തനത്തിനായി ഒരു കമ്പനി രൂപീകരിക്കുവാൻ നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഫിഷറീസ് വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ, ബാങ്കുകൾ, കെ.എസ്.ഐ.ഡി.സി., സ്വയം സംരംഭകർ എന്നിവരെയാണ് ഈ കമ്പനിയിൽ ഉൾപ്പെടുത്തുന്നത് .അപ്രകാരം സ്വകാര്യ പങ്കാളിത്തമുള്ള ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തിക്കും. |
| സി) പാർക്കിനോടനുബന്ധിച്ച് സാറ്റലൈറ്റ് ഫാക്ടറികൾ ആരംഭി ക്കുമോ ; | സി) ആരംഭിക്കുന്നതാണ്. |
| ഡി) പദ്ധതിയ്ക്ക് എന്തു തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | ഡി) പദ്ധതിയ്ക്ക് 14 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്നു. |
| ഇ) ഇതുമൂലം എത്രപേർക്ക് തൊഴിൽ ലഭ്യമാകും ? | ഇ) അക്വാ ടെക്നോളജി പാർക്ക് നിലവിൽ വന്നു കഴിഞ്ഞാൽ 5000 പേർക്ക് നേരിട്ടും 10,000 പേർക്ക് അല്ലാതെയും തൊഴിൽ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 299 — 17.09.2007 -ൽ മറുപടിയ്ക്ക്

## മാന്തോപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. ജോർജ്ജ് എം. തോമസ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരളപ്പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് ആരംഭിച്ച മാന്തോപ്പ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കേരളപ്പിറവിയുടെ 50-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വിവിധയിനം നാടൻ മാവുകളുടെ 50-ഉം അതിലധികവും തൈകൾ വീതം ഒരു സ്ഥലത്ത് നട്ട് വളർത്തിയിട്ടുണ്ട്. ഇതിനാവശ്യമുള്ള മാവിൻതൈകൾ വിവിധ ഉറവിടങ്ങളിൽനിന്നും വിത്തുകൾ ശേഖരിച്ച് വനംവകുപ്പ് ഉൽപാദിപ്പിച്ചതാണ്. മാവിൻതൈകൾ നട്ടുപിടിപ്പിച്ചത് പ്രാദേശിക ജനപ്രതിനിധികളുടെയും സാമൂഹ്യ-സാംസ്കാരിക നായകന്മാരുടെയും നേതൃത്വത്തിലാണ്. കോഴിക്കോട് ജില്ലയിൽ അനുയോജ്യമായ സ്ഥലം യഥാസമയം ലഭിക്കാത്തതു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് സാധിക്കാതിരുന്നത്. |
| (ബി) ഇതിനകം എത്ര ഏക്കർ സ്ഥലത്ത് മാന്തോപ്പ് കൃഷി ആരംഭിച്ചു ; | (ബി) പതിമൂന്ന് ജില്ലകളിലായി 21.664 ഏക്കർ സ്ഥലത്ത് നാടൻ മാവിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| (സി) മാന്തോപ്പ് കൃഷിക്കായി വനംവകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (സി) മേൽപറഞ്ഞത് ഒഴികെ മാന്തോപ്പ് കൃഷിക്കായി വനംവകുപ്പ് മറ്റ് സഹായങ്ങളൊന്നും നൽകുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ ജില്ലയിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (ഡി) | കോഴിക്കോട് ജില്ലയൊഴികെ ബാക്കി 13 ജില്ലകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ഇ) | പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഇ) | മാവിൻതൈകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലത്തിന്റെ ഉടമസ്ഥ സ്ഥാപനങ്ങളുടെയും സഹകരണം ലഭിക്കുന്നുണ്ട്. |

Shini J. M

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 300 17-09-2007 ൽ മറുപടിയ്ക്ക്

## റിസർവോയറുകളിലെ സിൽട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു.സി.രാമൻ<br>" സി.ടി. അഹമ്മദ് അലി<br>" എം. ഉമ്മർ | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റിസർവോയറുകളിലെ സിൽട്ട് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഏതെല്ലാം റിസർവോയറുകളിലാണ് ഇത് നടത്താൻ ഉദ്ദേശിക്കുന്നത്; | (എ) യും (ബി) യും ജല സംഭരണികളിൽ ഒഴുകിയെത്തുന്ന ചെളി,ജൈവ പദാർത്ഥങ്ങൾ എന്നിവ അടിയുന്നതുമൂലമുണ്ടാകുന്ന സിൽട്ട് വിസ്തൃതമായ സംഭരണി പ്രദേശത്തുനിന്ന് ശേഖരിച്ചു മാറ്റുന്നത് അപ്രായോഗികവും ചെലവ് ഏറിയതുമാണ്. വൈദ്യുതി ഉല്പാദനത്തിന് ജലം പുറത്തേക്കെടുക്കുന്ന സംവിധാനത്തിന്റെ മുകളിൽ വരെ അടിഞ്ഞാൽ മാത്രമേ സിൽട്ട് റിസർവ്വോയറുകളുടെ ക്ഷമതയെ ബാധിക്കുകയുള്ളൂ. ഡാമുകളിൽ സിൽട്ട് ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനമുണ്ട്. സിൽട്ട് അടിയുന്നതുമൂലമുള്ള പ്രശ്നം രൂക്ഷമാകുമ്പോൾ ഇത് ഒഴുക്കി കളയുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) ഇതിന് മുൻപ് ഈ റിസർവോയറുകളിൽ സിൽട്ട് നീക്കം ചെയ്തിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ എന്നായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (സി) & (ഡി) കല്ലാർകുട്ടി,പാംബ്ല ഡാമുകളിൽ വർഷകാലങ്ങളിൽ ആവശ്യമെങ്കിൽ സിൽട്ട് നീക്കം ചെയ്യൽ നടത്തിവരുന്നുണ്ട്. |
| (ഇ) സിൽട്ട് നീക്കം ചെയ്യുന്നതിന് എന്തു കാലപരിധിയാണ് നിശ്ചയിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (ഇ) സിൽട്ട് നീക്കം ചെയ്യുന്നതിന് പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ